# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരുമണ്ണ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്യു കൈപ്പറ്റു ചീട്ടുസഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി15/396/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയ്യതി:30.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

പെരുമണ്ണ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പെരുമണ്ണ ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി15/396/2019 തീയതി.30.03.2019

# കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരംപുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.4.17 മുതൽ 16.3.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടി ലഭ്യമാക്കിയില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സതീഷ് മാവേലി പുത്തൻവീട്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.3.2019 മുതൽ 18.3.2019 |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ബാലസുബ്രഹ്മണ്യൻ.എ.കെ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ പ്രബോധ്.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഷൈന.എ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദിശ.ആർ.കെ | സീ.ഗ്രേ.ഓഡിറ്റർ |
| | ശ്രീമതി ജിഷ.പി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി കെ അജിത | 1.04.2017മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. സാദിഖ് മഹദൂം. പി.എസ് | 1.04.2017 മുതൽ 31.3.2018 വരെ |
| നിർവ്വഹണഉദ്യോസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| രതീദേവി.എം.എം. | അസിസ്റ്റന്റ് സെക്രട്ടറി | 1.04.2017 മുതൽ 31.3.2018 വരെ |
| ശബ്ന എം എസ് | കൃഷി ഓഫീസർ | 1.04.2017മുതൽ 3.8.2017 വരെ |
| അനിതാബായ്.എം | | 4.8.17 മുതൽ 31.3.2018 വരെ |

| | | |
|---|---|---|
| ശോഭന.കെ | ഹെഡ് മിസ്റ്റസ് | 6/17 മുതൽ 31.3.2018 വരെ |
| ശ്രീജിത് പി | അസി.എഞ്ചിനീയർ | 1.04.2017മുതൽ 10.10.17 വരെ |
| സിന്ധു.എൻ | | 11.10.17 മുതൽ 31.3.2018 വരെ |
| നസ്രീന.ടി | ഐസി ഡി എസ് സൂപ്പർവൈസർ | 1.04.2017 മുതൽ 31.3.2018 വരെ |
| സിംലി.സി | വി ഇ ഒ | 1.04.2017മുതൽ 31.3.18വരെ |
| വിനയൻ.സി.ഓ | | 19.9.17 മുതൽ 31.3.18വരെ |
| അഭിനേഷ് കുമാർ.കെ | | 1.4.17മുതൽ 8.9.17 വരെ |
| ഡോ.അനഘ.ജി | വെറ്ററിനറി സർജൻ | 1.04.2017മുതൽ 31.3.18വരെ |
| ഡോ.ഷീബ കെ ജെ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 1.04.2017മുതൽ 31.3.18വരെ |
| ഡോ.ഗ്രേസി പി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1.04.2017മുതൽ 31.3.18വരെ |

| | | |
|---|---|---|
| റുമൈസ.പി.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 1.04.2017മുതൽ 31.3.18വരെ |


ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം ( ACR പ്രകാരം ) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം - 2 | |
| 13 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ - കുറവ് വന്ന തുക ഈടാക്കേണ്ടതാണ്. | 2-1 |
| 14 | തൊഴിൽ നികുതി - അപാകതകൾ | 2-2 |
| 15 | കെ.എസ്.ഇ.ബി യിൽ നിന്നും വാടക ഈടാക്കുന്നില്ല. | 2-3 |
| 16 | ഡി & ഒ ലൈസൻസ് ഈടാക്കിയതിലെ അപാകതകൾ | 2-4 |
| 17 | ഡിമാന്റ് ഡ്രാഫ്റ്റുകൾ/ചെക്ക് പണമാക്കാതെ ഫയലിൽ സൂക്ഷിക്കുന്നു. | 2-5 |
| | ഭാഗം - 3 | |
| 18 | ജല സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നില്ല. കുടിവെള്ള ക്ഷാമം രൂക്ഷം | 3-1 |
| 19 | റോഡ് പ്രവൃത്തികൾക്ക് (MoRD) അധിക നിരക്കിൽ ഓവർഹെഡ് ചാർജ്ജുകൾ നൽകുന്നു. | 3-2 |
| 20 | കോസ്റ്റ് ഇൻഡെക്സിൽ വന്ന കുറവ് എസ്റ്റിമേറ്റിൽ കുറവ് ചെയ്തില്ല. പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-3 |
| 21 | പൂർണ സജ്ജമായ ആശുപത്രി കെട്ടിടം കാട്ടു പിടിച്ച് നശിക്കുമ്പോൾ ആയുർവേദ ആശുപത്രി പരിമിത | 3-4 |

| | | |
|---|---|---|
| | സൗകര്യത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നു. | |
| 22 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - അപാകതകൾ | 3-5 |
| 23 | മൃഗാശുപത്രിയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച | 3-6 |
| 24 | ക്ഷീര ഗ്രാമം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-7 |
| 25 | ക്ഷീരഗ്രാമം പദ്ധതി ആധികാരികതയില്ലാതെ പദ്ധതി തുക ചെലവഴിച്ചു. | 3-8 |
| 26 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - കുറഞ്ഞ വില ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് മരുന്ന് വാങ്ങിയില്ല | 3-9 |
| 27 | മതിയായ രേഖകളില്ലാതെ ഡെപ്പോസിറ്റ് പ്രോജക്ടുകൾക്ക് തുക കൈമാറി | 3-10 |
| 28 | മതിയായ രേഖകളില്ലാതെ സംയുക്ത പ്രോജക്ടുകൾക്ക് തുക കൈമാറി. | 3-11 |
| 29 | മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള യോഗ്യതയില്ലാത്ത ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചു. | 3-12 |
| 30 | ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ആവശ്യമായ തുക വകയിരുത്തുന്നില്ല. | 3-13 |

| | | |
|---|---|---|
| 31 | എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-14 |
| 32 | അങ്കണവാടി അനുപൂരക പോഷകാഹാര വിതരണ പദ്ധതി കേന്ദ്ര ഫണ്ട് വിനിയോഗിച്ചില്ല | 3-15 |
| 33 | ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-16 |
| | ഭാഗം - 4 | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/ വായ്പാ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം - 1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 20.3.17ലെ 42/17 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പുതുക്കിയിട്ടില്ല. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവു ചെലവു വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| | ബജറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 7893611 | 4523214 |
| വരവ് | 200243500 | 66619455 |
| ആകെ | 208137111 | 71142669 |
| ചെലവ് | 197102500 | 68487979 |
| നീക്കിയിരിപ്പ് | 11034611 | 2654690 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2018 | 30.5.18 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.6.18, 23.6.18 | കെ.എസ്.എ.കെകെഡി/ഇ2/ 1111/2018(54) തീയതി.17.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4523214 |
| വരവ് | 66619455 |
| ആകെ | 71142669 |
| ചെലവ് | 68487979 |
| നീക്കിയിരിപ്പ് | 2654690 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 15858453 | 15858453 | 14305342 | 1497111 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 4479966 | 4479966 | 3824569 | 655397 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 6771576 | 6771576 | 5997591 | 773985 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 3962524 | 3962524 | 3717655 | 244869 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 8683503 | 8683503 | 8529639 | 153864 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 2462880 | 2462880 | 1096844 | 1366036 |
| സാക്ഷരത | | | | | | |
| ദുരിതാശ്വാസനിധി | | 18740 | 10950 | 29690 | 0 | 29690 |
| എം.ജി.എൻ.ആർ. | തൊഴിലാ | | 1183854 | 1183854 | 1183854 | |

| | | | | | | |
|---|---|---|---|---|---|---|
| | ളികളുടെ കൂലി | | | | | |
| ഇ.ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 20852 | 2335399 | 2356251 | 2349865 | 6386 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 2462250<br>115250 | | 1599546 | 862704 |
| | ജില്ലാ പഞ്ചായത്ത് | | 2085250 | | 1511450 | 573800 |
| | | | 4581361 | | 6167308 | (-)1585947 |
| ബി ഫണ്ട് | | | 45877240 | 45877240 | 45877240 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 10974901 | 10974901 | 1535578 | 9439323 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1524334<br>27186 | 13900071<br>974942 | 15424405<br>1002128 | 13268149<br>74579 | 2156256<br>927549 |
| | ട്രഷറി അക്കൗണ്ട് | 2263991 | 11442341 | 13706332 | 13621703 | 84629 |
| മറ്റിനം | | | | | | |
| എസ്ബിടി സാന്റ് | | 2031 | 75 | 2106 | 0 | 2106 |
| Kgb bpl | | 426098 | 254068 | 680166 | 0 | 680166 |

| | | | | | |
|---|---|---|---|---|---|
| Mp fund | 30681 | 1303878 | 1334559 | 1300000 | 34559 |

(ബാലൻസ് ഷീറ്റിലെ ബി4 പത്രികയിലെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയുടെ നീക്കിയിരിപ്പ് തെറ്റാണ്.) ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിൽ തൻ വർഷം വരവു വരാത്ത 115250 രൂപ വരവായി കാണിച്ചിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 166 | 85064463 | 114 | 43637505 | 28 | 24 | 68.67% |

85064463 രൂപ വകയിരുത്തി 166 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ 142 പ്രൊജക്ടുകളാണ് നടപ്പാക്കാൻ ശ്രമിച്ചത്. ഗുണഭോക്തൃവിഹിതമടക്കം 43637505 രൂപ ചെലവഴിച്ചു. ഇതിൽ തന്നെ 28 പ്രൊജക്ടുകൾ തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചത്. ആകെ വകയിരുത്തിയ തുകയുടെ 68.67% തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ശേഷിക്കുന്ന തുക കൃത്യമായ ആസൂത്രണത്തിന്റെയും മോണിട്ടറിംഗിന്റെയും അഭാവത്തിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമായ തുക, വിനിയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിട്ടും നഷ്ടപ്പെടാൻ കാരണമായത് കാര്യക്ഷമമവും സമയബന്ധിതവുമായ പദ്ധതി പ്രവർത്തനങ്ങളുടെ അഭാവത്തിലാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യം പരിശോധിക്കപ്പെടേണ്ടതും വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)ആകാശഗംഗ കിണർ റീചാർജ്ജ്

2) ക്ഷീരഗ്രാമം

പ്രതീക്ഷിച്ച ഗുണഭോക്താക്കളില്ലാത്തതിനാലും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടവാക്കാത്തതിനാലുമാണ് മേൽ പദ്ധതികൾ പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെടാനിടയാക്കിയത്. പ്രോജക്ടുകളെപ്പറ്റി ഗുണഭോക്താക്കളെ ബോധവാൻമാരാക്കി ഗ്രാമസഭയിലൂടെ അർഹതയും താൽപ്പര്യവും ഉറപ്പു വരുത്തി തെരഞ്ഞെടുത്ത ശേഷം അവർക്കാവശ്യമുള്ള തുക വകയിരുത്തി പ്രോജക്ട് രൂപീകരിക്കുന്നതിനു പകരം സബ്സിഡി മാർഗ്ഗരേഖയ്ക്കനുസൃതമായി കൃത്യമായ ആസൂത്രണ പ്രക്രിയയിലൂടെ കടന്നു പോകാതെ പ്രോജക്ട് രൂപീകരിച്ച് തുക വകയിരുത്തിയ ശേഷം ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുന്ന രീതി അവലംബിക്കുന്നതാണ് ഇത്തരത്തിൽ പ്രോജക്ടുകൾ പൂർത്തിയാക്കപ്പെടാത്തതിനു കാരണം ആയതു മൂലം വകയിരുത്തപ്പെടുന്ന തുക മറ്റ് വികസനാവശ്യങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കാതെ വരുന്നു.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 20852 | 2335399 | 2356251 | 2349865 | 6386 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 1183854 | 1183854 | 1183854 | |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 57840 | 129 |
| കർഷകതൊഴിലാളി പെൻഷൻ | 4773500 | 408 |
| വിധവാപെൻഷൻ | 12308600 | 1093 |
| വാർദ്ധക്യകാലപെൻഷൻ | 23415600 | 1735 |
| വികലാംഗപെൻഷൻ | 3550800 | 291 |
| അവിവാഹിതരായ | 977900 | 111 |

| | | |
|---|---|---|
| സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിവാഹധനസഹായം | 780000 | 26 |

അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ യഥാർത്ഥത്തിൽ 1333700 രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ ഇത് 977900 എന്നാണ് കാണിച്ചത്
വിധവാപെൻഷൻ 13308600 ന് പകരം 12308600 ആണ് കാണിച്ചത്.

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.3.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കാഷ് നീക്കിയിരിപ്പില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

(1)ചെക്കുകൾ നല്കിക്കഴിഞ്ഞാൽ ആയത് പണമാക്കുന്നത് വരെ നിരീക്ഷിക്കുകയോ നിശ്ചിത കാലാവധിക്കു ശേഷം സ്റ്റേൽ ചെക്ക് വിഭാഗത്തിൽപ്പെടുത്തുകയോ ചെയ്യുന്നില്ല

(2)ചെക്ക് ആൻഡ് ഡ്രാഫ്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വരുന്ന ചെക്കുകൾ ഏത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നു എന്നോ എന്ന് പണമാക്കുന്നു എന്നോ രേഖപ്പെടുത്തുന്നില്ല

(3)പ്രോക്യൂർമെന്റ് ചട്ടങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ഒരു വർഷത്തെ ആവശ്യങ്ങൾ മുൻകൂട്ടി നിർണയിച്ച് പ്രോക്യൂർമെന്റ് പ്ലാൻ പ്രോക്യൂർമെന്റ് ബഡ്ജറ്റ് എന്നിവ ഉണ്ടാക്കിയിട്ടില്ല. പകരം വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത വാങ്ങൽ രീതികൾ അവലംബിക്കുന്ന രീതിയാണുള്ളത്.

(4)സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങുന്ന ഇനങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തി വീണ്ടും അതേയിനം വാങ്ങുമ്പോൾ കൂട്ടിച്ചേർത്ത് കൃത്യമായി എണ്ണം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഫർണിച്ചറുകൾ കമ്പ്യൂട്ടറുകൾ പോലുള്ള ആസ്തികൾ വാർഷിക കണക്കെടുപ്പ് നടത്താത്തിനാൽ നിലവിലുള്ള ആസ്തി വിവരം ലഭ്യമല്ല.

(5)നിഷ്ക്രിയമായതും പഴകി ഉപയോഗശൂന്യമായതുമായി ആസ്തികൾ കണ്ടുപിടിക്കുന്നതിനും ആയവ യഥാവിധി ഡിസ്പോസ് ചെയ്യുന്നതിനും നടപടികളെടുത്തിട്ടില്ല. ആസ്തികൾ നഷ്ടപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികളോ സ്റ്റാന്റിംഗ് കമ്മറ്റികളിൽ ആയത് ചർച്ച ചെയ്തതായോ രേഖകളില്ല. കുടിവെള്ള പദ്ധതികളിൽ നിന്നും മറ്റും ഒഴിവാക്കപ്പെട്ട മോട്ടോറുകൾ പഞ്ചായത്തിന്റെ ഒന്നാം നിലയിൽ അശ്രദ്ധമായി സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. ആയത് സ്ക്രാപ്പ് ഇനത്തിൽ വിൽപ്പന നടത്തി വരവ് തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തുന്നതിന് യാതൊരു നടപടിക്രമവും സ്വീകരിച്ചു കാണുന്നില്ല.

(6) മൂവബിൾ ഇമ്മൂവബിൾ ആസ്തികൾക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

(7) പൗരാവകാശ രേഖ പുതുക്കിയിട്ടില്ല

(8) കൃത്യമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടില്ല. ജീവനക്കാരുടെ ചുമതലകളും അവരുടെ മേൽനോട്ട ചുമതലയും കൃത്യമായി രേഖപ്പെടുത്തിയ ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയതിനു പകരം ഓരോ ജീവനക്കാരനും സ്ഥലം മാറിപോകുമ്പോൾ പകരം ചാർജ്ജ് നൽകുന്ന ഉത്തരവുകൾ മാത്രമാണ് പുറപ്പെടുവിക്കുന്നത്.

(9) നികുതികൾ ,നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വരുമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.

(10) നിക്ഷേപ പ്രവൃത്തികൾക്ക് പണം നൽകുന്നുണ്ടെങ്കിലും പ്രവൃത്തി പുരോഗതി നിരീക്ഷിക്കുന്നില്ല

(11) വൗച്ചറുകൾ ഫയൽ ചെയ്ത് കൃത്യമായി സൂക്ഷിക്കുന്നുണ്ടെങ്കിലും പല വൗച്ചറുകളുടെയും കൂടെ സബ് വൗച്ചറുകൾ കാഷ് ബില്ലുകൾ രശീതികൾ എന്നിവ സൂക്ഷിച്ചിട്ടില്ല.

(12) മുൻകൂർ നൽകുന്ന തുകകൾ (പ്രത്യേകിച്ച് യാത്രാബത്ത മുൻകൂർ) കൃത്യസമയത്ത് ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കുകയോ ആയത് കൃത്യമായി നിരീക്ഷിക്കുകയോ ചെയ്യുന്നില്ല.

(13) അസാധാരണ ചെലവുകൾ കൃത്യമായി നിരീക്ഷിക്കുന്നില്ല. അസാധാരണ ചെലവുകൾ മറ്റു ഭരണ ചെലവുകൾ എന്ന പേരിലാണ് ബുക്ക് ചെയ്യുന്നത്

(14) വരവുകൾ മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ കൃത്യമായി പരിശോധിക്കുന്നില്ല.

(15) വൗച്ചറുകളിൽ അനുബന്ധമായി സൂക്ഷിക്കേണ്ട രേഖകൾ സൂക്ഷിക്കുന്നില്ല, പലതിലും ചെലവ് തുകയുടെ കൃത്യത പരിശോധനകൾ നടത്താതെയാണ് തുക അനുവദിച്ചു കാണുന്നത്.

മേൽക്കാര്യങ്ങൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിച്ച വിവരം അറിയിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.12.18, 18.12.18 | 11/2017 | PAU-2/RAR/ PEM/2018 Dt.19.12.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.08.2010 -17.08.2010 | 05/2006-09/2010 | LBA(HQ)/V /BA/1662/ 10-20/9/2010 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1.ആസ്തി രജിസ്റ്ററിൽ 31.03.2018 വരെ സൃഷ്ടിക്കപ്പെട്ട എല്ലാ ആസ്തികളുടേയും വിശദാംശങ്ങൾ ചേർക്കുകയോ സാംഖ്യയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3. നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന സ്വീകരിക്കുന്ന ഡപ്പോസിറ്റുകൾ (ഇ.എം.ഡി. സെക്യൂരിറ്റി ഡെപ്പോസിറ്റ്) അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.

4. തൻവർഷത്തെ ഇ-ടെണ്ടർ മുഖേന ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. ഇൻകം & എക്സ്പെൻഡീച്ചർ പത്രിക പ്രകാരം തൊഴിലുറപ്പ് പദ്ധതിക്ക്

1183854/- രൂപയാണ് ആകെ വരവ് രേഖപ്പെടുത്തിയത്. എന്നാൽ യഥാർത്ഥത്തിൽ ഇ.എഫ്.എം.എസ്. മുഖേന 13973031/- രൂപയും മറ്റ് ചെലവുകൾക്കായി 1169745/- രൂപയും ലഭിച്ചിട്ടുണ്ട്. വ്യത്യാസം വ്യക്തമല്ല.

7. ഗ്രാമ പഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകക്ക് ഇൻകം & എക്സ്പെൻഡീച്ചർ പത്രികയിൽ പ്രൊവിഷൻ കൊടുത്തിട്ടില്ല.

8. വസ്തു നികുതി, തൻവർഷ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9. 2018-19 സാമ്പത്തിക വർഷത്തിൽ (22.06.2018 വരെ) തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശികയായി 1620/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തിൽ ഡിമാന്റ് ചെയ്ത മുഴുവൻ തുകയും ഈടാക്കിയതായിട്ടാണ് സെക്രട്ടറി ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

10. 2018-19 സാമ്പത്തിക വർഷത്തിൽ (22.06.2018 വരെ) ഡി.&ഒ. ലൈസൻസ് ഫീ ഇനത്തിൽ കുടിശ്ശികയായി 625/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ 2017-18 ൽ ഡിമാന്റ് ചെയ്ത മുഴുവൻ തുകയും ഈടാക്കിയതായിട്ടാണ് സെക്രട്ടറി ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

11. ലേലമിനത്തിലെ വരവ് (2500/- രൂപ) വാർഷിക കണക്കിൽ രേഖപ്പെടുത്തിയത് ഏത് ഹെഡ്ഡിലെന്ന് വ്യക്തമല്ല.

12. ലൈബ്രറി ഫീസിനിത്തിൽ ലഭിച്ച വരവ് പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-

1. ബാലൻസ് ഷീറ്റിലെ ബി4 പത്രികയിലെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയുടെ നീക്കിയിരിപ്പ് തെറ്റായാണ് രേഖപ്പെടുത്തിയത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിൽ തൻ വർഷം വരവു വരാത്ത 115250 രൂപയും വരവായി കാണിച്ചിട്ടുണ്ട്.
2. അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ വെബ് സൈറ്റ് പ്രകാരം 1333700 രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ ഇത് 977900 എന്നാണ് കാണിച്ചത്. വിധവാപെൻഷൻ ഇനത്തിലെയും വരവ് തുക 13308600 രൂപക്ക് പകരം 12308600 രൂപ എന്നാണ് കാണിച്ചിരിക്കുന്നത്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ- കുറവ് വന്ന തുക ഈടാക്കേണ്ടതാണ്

പെരുമണ്ണ ഗ്രാമ പഞ്ചായത്ത് 2017-18 വർഷം പുതുതായി നമ്പർ അനുവദിച്ച കെട്ടിടങ്ങളിൽ വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ ഫയലുകള് പരിശോധിച്ചതിൽ വസ്തു നികുതി കണക്കാക്കിയതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) <u>കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നല്കേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഒരൊറ്റ ഉപയോഗക്രമത്തിലുള്ളതും ഒരാളുടെ മാത്രം ഉടമസ്ഥതയിലുള്ളതുമായ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നല്കി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് ഗ്രാമപഞ്ചായത്ത് നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ.

100 ച.മീ ന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളിലെ മുറികൾ വിഭജിച്ച് പ്രത്യേകം നമ്പർ നല്കുമ്പോൾ പഞ്ചായത്ത് അംഗീകരിച്ച അടിസ്ഥാന വസ്തു നികുതി നിരക്കായ 50/- രൂപയ്ക്ക് പകരം 100 ച. മീ ന് താഴെയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് നൽകുന്ന കുറഞ്ഞ നിരക്കായ 30/- രൂപ കണക്കാക്കി നികുതി നിർണ്ണയിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമ | നികുതി കണക്കാക്കിയ സൂചകങ്ങൾ | യഥാർത്ഥ സൂചകങ്ങൾ പ്രകാരമുള്ള<br>യഥാർത്ഥ നികുതി | കുറവ് വന്ന നികുതി (ഗ്രന്ഥശാല വരി ഉൾപ്പടെ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 4/309 A | അബ്ദുറഹിമാൻ | വിസ്തൃതി -14.96<br>നിരക്ക് -30<br>അടിസ്ഥാന നികുതി - 448.8<br>വഴി 20% വർദ്ധന – 89.76<br>നികുതി -539<br>സെസ്സ് -27<br>ആകെ നികുതി-566 | വിസ്തൃതി -14.96<br>നിരക്ക് -50<br>അടിസ്ഥാന നികുതി-748<br>വഴി 20% വർദ്ധന- 149.6<br>നികുതി -898<br>സെസ്സ് -45<br>ആകെ നികുതി-943 | 377 |
| 4/309 B | അബ്ദുറഹിമാൻ | വിസ്തൃതി -14.08<br>നിരക്ക് -30<br>അടിസ്ഥാന നികുതി-422.4<br>വഴി 20% വർദ്ധന –84.48<br>നികുതി -507<br>സെസ്സ് -26<br>ആകെ നികുതി-533 | വിസ്തൃതി -14.08<br>നിരക്ക് -50<br>അടിസ്ഥാന നികുതി-704<br>വഴി 20% വർദ്ധന-140.8<br>നികുതി -845<br>സെസ്സ് -42<br>ആകെ നികുതി-887 | 354 |
| 4/309 D | അബ്ദുറഹിമാൻ | വിസ്തൃതി -14.08 | വിസ്തൃതി -14.08 | 354 |

| | | | | |
|---|---|---|---|---|
| | | നിരക്ക് -30<br>അടിസ്ഥാന നികുതി-422.4<br>വഴി 20% വർദ്ധന –84.48<br>നികുതി -507<br>സെസ്സ് -26<br>ആകെ നികുതി-533 | നിരക്ക് -50<br>അടിസ്ഥാന നികുതി-704<br>വഴി 20% വർദ്ധന-140.8<br>നികുതി -845<br>സെസ്സ് -42<br>ആകെ നികുതി-887 | |
| 4/309 E | അബ്ദുറഹിമാൻ | വിസ്തൃതി -14.08<br>നിരക്ക് -30<br>അടിസ്ഥാന നികുതി-422.4 വഴി 20% വർദ്ധന –84.48<br>നികുതി -507<br>സെസ്സ് -26<br>ആകെ നികുതി-533 | വിസ്തൃതി -14.08<br>നിരക്ക് -50<br>അടിസ്ഥാന നികുതി-704 വഴി 20% വർദ്ധന-140.8<br>നികുതി -845<br>സെസ്സ് -42<br>ആകെ നികുതി-887 | 354 |
| 4/309 F | അബ്ദുറഹിമാൻ | വിസ്തൃതി -30.68<br>നിരക്ക് -30<br>അടിസ്ഥാന നികുതി-920.4 | വിസ്തൃതി -30.68<br>നിരക്ക് -50<br>അടിസ്ഥാന നികുതി-1534 | 772 |

| | | | | |
|---|---|---|---|---|
| | | വഴി 20% വർദ്ധന–184.08<br>നികുതി -1105<br>സെസ്സ് -56<br>ആകെ നികുതി-1161 | വഴി 20% വർദ്ധന-306.8<br>നികുതി -1841<br>സെസ്സ് -92<br>ആകെ നികുതി-1933 | |
| 4/309 G | അബ്ദുറഹിമാൻ | വിസ്തൃതി -11.56<br>നിരക്ക് -30<br>അടിസ്ഥാന നികുതി-346.8<br>വഴി 20% വർദ്ധന –69.36<br>നികുതി -417<br>സെസ്സ് -21<br>ആകെ നികുതി-438 | വിസ്തൃതി -11.56<br>നിരക്ക് -50<br>അടിസ്ഥാന നികുതി-578<br>വഴി 20% വർദ്ധന-115.6<br>നികുതി -694<br>സെസ്സ് -35<br>ആകെ നികുതി-729 | 291 |
| 4/309 H | അബ്ദുറഹിമാൻ | വിസ്തൃതി -27.64<br>നിരക്ക് -30<br>അടിസ്ഥാന നികുതി-829.2<br>വഴി 20% | വിസ്തൃതി -27.64<br>നിരക്ക് -50<br>അടിസ്ഥാന നികുതി-1382<br>വഴി 20% | 695 |

| | | | | | |
|---|---|---|---|---|---|
| | | വർദ്ധന –165.84<br>നികുതി -996<br>സെസ്സ് -50<br>ആകെ നികുതി-1046 | വർദ്ധന-276.4<br>നികുതി -1658<br>സെസ്സ് -83<br>ആകെ നികുതി-1741 | | |
| 4/309 I | അബ്ദുറഹിമാൻ | വിസ്തൃതി -27.64<br>നിരക്ക് -30<br>അടിസ്ഥാന നികുതി-829.2<br>വഴി 20% വർദ്ധന –165.84<br>നികുതി -996<br>സെസ്സ് -50<br>ആകെ നികുതി-1046 | വിസ്തൃതി -27.64<br>നിരക്ക് -50<br>അടിസ്ഥാന നികുതി-1382<br>വഴി 20% വർദ്ധന-276.4<br>നികുതി -1658<br>സെസ്സ് -83<br>ആകെ നികുതി-1741 | 695 | |
| 4/309 J | അബ്ദുറഹിമാൻ | വിസ്തൃതി -18.49<br>നിരക്ക് -30<br>അടിസ്ഥാന നികുതി-554.7<br>വഴി 20%<br>വർദ്ധന –110.94<br>നികുതി -666 | വിസ്തൃതി -18.49<br>നിരക്ക് -50<br>അടിസ്ഥാന നികുതി-924.5<br>വഴി 20%<br>വർദ്ധന-184.9<br>നികുതി -1109 | 464 | |

| | | | | |
|---|---|---|---|---|
| | | സെസ്സ് -34<br>ആകെ നികുതി-700 | സെസ്സ് -55<br>ആകെ നികുതി-1164 | |
| 4/309 K | അബ്ദുറഹിമാൻ | വിസ്തൃതി -35.34<br>നിരക്ക് -30<br>അടിസ്ഥാന നികുതി-1060.2<br>വഴി 20% വർദ്ധന –212.04<br>നികുതി -1273<br>സെസ്സ് -64<br>ആകെ നികുതി-1337 | വിസ്തൃതി -35.34<br>നിരക്ക് -50<br>അടിസ്ഥാന നികുതി-1767<br>വഴി 20% വർദ്ധന-353.4<br>നികുതി -2120<br>സെസ്സ് -106<br>ആകെ നികുതി-2226 | 889 |
| ആകെ | | | | 5245 |

വസ്തുനികുതി നിർണ്ണയത്തിനായി കെട്ടിട നമ്പർ നൽകിയതും ക്രമത്തിലല്ല. 4/309 A,B,D,E,F,H,I,J,K എന്നിങ്ങനെയാണ് നമ്പർ നൽകിയത്. 4/309 C എന്ന് നമ്പർ നൽകിയിട്ടില്ല

പി.കെ.പ്രേമാനന്ദൻ, ശേഖര കുറുപ്പ് എന്നിവരുടെ ഉടമസ്ഥതയിലുള്ള 13/711 A,B,C കുഞ്ഞാമു, അബ്ദുറഹിമാൻ.കെ, അബ്ദുൾ ബഷീർ, അബ്ദുൾറഹിമാൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള 4/64 A,B,C,D,E,F,G,H,I,J,K,L,M,N,O,P,Q എന്നീ വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം സഞ്ചയയിൽ പരിശോധിച്ചപ്പോൾ മേൽ പറഞ്ഞ പ്രകാരം 50/- രൂപക്ക് പകരം 100 ച. മീ ന് താഴെയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് നൽകുന്ന കുറഞ്ഞ നിരക്കായ 30/- രൂപ കണക്കാക്കി നികുതി നിർണ്ണയിച്ചതായാണ് കാണുന്നത്. ഇതിനാൽ 13/711 A, B,C എന്നിവക്ക് 2996/-

രൂപയുടെയും 4/64 A, B, C, D, E, F, G, H, I, J, K, L, M, N, O, P, Q എന്നിവയ്ക്ക് 23,316/- രൂപയുടെയും നികുതി കുറവ് വന്നിട്ടുണ്ട്.

2)സഞ്ചയയിൽ വിവരങ്ങൾ നൽകുന്നതിലെ അപാകത മൂലം വസ്തു നികുതി കുറവ് വരുന്നു

പ്ലാൻ പ്രകാരം താഴെ പറയുന്ന കെട്ടിടത്തിലേക്കുള്ള വഴി 5 മീറ്റർ ആണ്. എന്നാൽ കെട്ടിടത്തിന്റെ നികുതി കണക്കാക്കാനായി സഞ്ചയയിൽ വിവരങ്ങൾ നല്കുമ്പോൾ വഴിയുടെ അളവ് തെറ്റായി നല്കിയതിനാലും , കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിനനുസരിച്ചുള്ള നിരക്ക് നല്കാതിരുന്നതിനാലും വസ്തുനികുതിയിൽ കുറവ് വരാനിടയായി.

ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമ | നികുതി കണക്കാക്കിയ സൂചകങ്ങൾ | യഥാർത്ഥ സൂചകങ്ങൾ<br>യഥാർത്ഥ നികുതി | കുറവ് വന്ന നികുതി (ഗ്രന്ഥശാല വരി അടക്കം) | റിമാർക്സ് |
|---|---|---|---|---|---|
| 8/626 A | അബൂബക്കർ | വിസ്തൃതി-599.08<br>നിരക്ക് -30<br>അടിസ്ഥാന നികുതി-17972.40<br>ദ്വിതീയ മേഖല ഇളവ്-1797.24<br>നികുതി-16176<br>സെസ്സ് -809<br>ആകെ നികുതി-16985 | വിസ്തൃതി -599.08<br>നിരക്ക് -50<br>അടിസ്ഥാന നികുതി-29954<br>ദ്വിതീയ മേഖല ഇളവ്-2995.4 (10%)<br>വഴി 20% വർദ്ധന-5990.8<br>നികുതി-32949<br>സെസ്സ് -1648<br>ആകെ നികുതി-34597 | 17612 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ നു മുകളിലുള്ള ഗോഡൗൺ |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 8/626 B | അബൂബക്കർ | വിസ്തൃതി -23.12<br>നിരക്ക് -30<br>അടിസ്ഥാന നികുതി-693.60<br>ദ്വിതീയ മേഖല ഇളവ്-69.36<br>നികുതി -625<br>സെസ്സ് -32<br>ആകെ നികുതി-657 | വിസ്തൃതി -23.12<br>നിരക്ക് -30<br>അടിസ്ഥാന നികുതി-693.60<br>ദ്വിതീയ മേഖല ഇളവ്-69.36<br>വഴി 20%വർദ്ധന -138.72<br>നികുതി -763<br>സെസ്സ് -38<br>ആകെ നികുതി-801 | 144 | ഓഫീസ് കെട്ടിടം |
| 8/117 D | അബ്ദുൾ സലീം | വിസ്തൃതി -376.43<br>നിരക്ക് -30<br>അടിസ്ഥാന നികുതി-11292.9<br>വഴി 20% വർദ്ധന | വിസ്തൃതി -376.43<br>നിരക്ക് -70<br>അടിസ്ഥാന നികുതി-26350<br>വഴി 20% വർദ്ധന -5270<br>നികുതി-31620 | 18971 | വാണിജ്യാ വശ്യത്തിനുള്ള 200 ച.മീ ന മുകളിലുള്ള സൂപ്പർമാർക്കറ്റ് |

| | | | | | | |
|---|---|---|---|---|---|---|
| | | -2258.58<br>നികുതി -13552<br>സെസ്സ് -678<br>ആകെ നികുതി-14230 | സെസ്സ് -1581<br>ആകെ നികുതി-33201 | | | |
| ആകെ | | | | | 36727 | |

3) ഒരേ കെട്ടിടത്തിന്റെ നികുതി പല തരത്തിലായി നിർണ്ണയിച്ചു.

പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ സെയ്താലി എന്ന ആളുടെ ഉടമസ്ഥതയിലുള്ള 8/125 എന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചപ്പോൾ ഒരു മുറി ദ്വിതീയം എന്ന് രേഖപ്പെടുത്തി ഇളവ് നല്കി. ചില മുറികൾക്ക് വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഷോപ്പിന്റെ നിരക്കാണ് നൽകിയത്. 100 ച.മീ ന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളിലെ മുറികൾ വിഭജിച്ച് പ്രത്യേകം നമ്പർ നല്കുമ്പോൾ പഞ്ചായത്ത് അംഗീകരിച്ച അടിസ്ഥാന വസ്തു നികുതി നിരക്കായ 50/- രൂപയ്ക്ക് പകരം 100 ച. മീ ന് താഴെയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് നൽകുന്ന കുറഞ്ഞ നിരക്കായ 30/- രൂപ കണക്കാക്കി നികുതി നിർണ്ണയിച്ചു. ഗ്രൗണ്ട് ഫ്ലോറിൽ പ്ലാൻ പ്രകാരം ഒരു മുറി മാത്രമാണ് പാർപ്പിടത്തിനായി അനുവദിച്ചത്. എന്നാൽ ഷോപ്പ് എന്ന് രേഖപ്പെടുത്തിയ മുറിക്ക് പാർപ്പിടത്തിന്റെ നിരക്ക് നൽകിയതിനാൽ സഞ്ചയ പ്രകാരം രണ്ട് മുറികൾക്ക് പാർപ്പിടത്തിന്റെ നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചത്. പ്ലാൻ പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി 5 മീറ്ററിൽ കൂടുതലാണ് . ഇത് പ്രകാരമുള്ള നികുതി വർദ്ധനയും കണക്കാക്കിയിട്ടില്ല.

ഇതേ കെട്ടിടത്തിന്റെ ഒന്നാം നിലയുടെ കാര്യത്തിൽ 5 മീറ്ററിൽ കൂടുതലുള്ള വഴി എന്നതിന്റെ വർദ്ധനയും 100 ച.മീ ന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളിലെ മുറികൾ എന്ന നിരക്കും പ്രകാരമാണ് നികുതി നിർണ്ണയിച്ചത്. വസ്തുനികുതി നിർണ്ണയത്തിനായി കെട്ടിട നമ്പർ നൽകിയതും ക്രമത്തിലല്ല. 8/125 A,B,C,D,E,F,H,I,J എന്നിങ്ങനെ നൽകിയതിൽ 8/125 G എന്ന് നമ്പർ നൽകിയിട്ടില്ല . വിശദാംശം താഴെ കൊടുക്കുന്നു.

| കെട്ടിട | കെട്ടിട | നികുതി | യഥാർത്ഥ | കുറവ് | റിമാർക്സ് |
|---|---|---|---|---|---|

| നം. | ഉടമ | കണക്കാക്കിയ സൂചകങ്ങൾ | സൂചകങ്ങൾ യഥാർത്ഥ നികുതി | വന്ന നികുതി | |
|---|---|---|---|---|---|
| 8/125 A | സെയ്ത്താലി | വിസ്തൃതി -29.12<br>നിരക്ക് -50<br>അടിസ്ഥാന നികുതി-1456<br>ദ്വിതീയ മേഖല ഇളവ്-145.6<br>നികുതി-1311<br>സെസ്സ് -66<br>ആകെ നികുതി-1377 | വിസ്തൃതി -29.12<br>നിരക്ക് -50<br>അടിസ്ഥാന നികുതി-1456<br>വഴി 20% വർദ്ധന -291.2<br>നികുതി -1747<br>സെസ്സ് -87<br>ആകെ നികുതി-1834 | 457 | മേഖല |
| 8/125 B | -ടി- | വിസ്തൃതി -11.24<br>നിരക്ക് -30<br>അടിസ്ഥാന നികുതി-337.2<br>നികുതി -338<br>സെസ്സ് -17<br>ആകെ നികുതി-355 | വിസ്തൃതി -11.24<br>നിരക്ക് -50<br>അടിസ്ഥാന നികുതി-562<br>വഴി 20% വർദ്ധന -112.4<br>നികുതി -674<br>സെസ്സ് -34<br>ആകെ നികുതി-708 | 353 | |

| | | | | | |
|---|---|---|---|---|---|
| 8/125 E | -ടി- | വിസ്തൃതി -16<br>നിരക്ക് -30<br>അടിസ്ഥാന നികുതി-480<br>നികുതി -480<br>സെസ്സ് -24<br>ആകെ നികുതി-504 | വിസ്തൃതി -16<br>നിരക്ക് -50<br>അടിസ്ഥാന നികുതി-800<br>വഴി 20% വർദ്ധന -160<br>നികുതി -960<br>സെസ്സ് -48<br>ആകെ നികുതി-1008 | 504 | |
| 8/125 F | -ടി- | വിസ്തൃതി -16<br>നിരക്ക് -30<br>അടിസ്ഥാന നികുതി-480<br>നികുതി -480<br>സെസ്സ് -24<br>ആകെ നികുതി-504 | വിസ്തൃതി -16<br>നിരക്ക് -50<br>അടിസ്ഥാന നികുതി-800<br>വഴി 20% വർദ്ധന -160<br>നികുതി -960<br>സെസ്സ് -48<br>ആകെ നികുതി-1008 | 504 | |
| 8/125 H | -ടി- | വിസ്തൃതി -31.46 | വിസ്തൃതി -31.46 | 19 | |

| | | | | | |
|---|---|---|---|---|---|
| | | നിരക്ക് -3<br>അടിസ്ഥാന നികുതി-94.38<br>നികുതി -95<br>സെസ്സ് -5<br>ആകെ നികുതി-100 | നിരക്ക് -3<br>അടിസ്ഥാന നികുതി-94.38<br>വഴി 20% വർദ്ധന -19<br>നികുതി -113<br>സെസ്സ് -6<br>ആകെ നികുതി-119 | | |
| 8/125 I | -ടി- | വിസ്തൃതി -16<br>നിരക്ക് -30<br>അടിസ്ഥാന നികുതി-480<br>നികുതി -480<br>സെസ്സ് -24<br>ആകെ നികുതി-504 | വിസ്തൃതി -16<br>നിരക്ക് -50<br>അടിസ്ഥാന നികുതി-800<br>വഴി 20% വർദ്ധന -160<br>നികുതി -960<br>സെസ്സ് -48<br>ആകെ നികുതി-1008 | 504 | |
| 8/125J | -ടി- | വിസ്തൃതി -23<br>നിരക്ക് -3<br>അടിസ്ഥാന നികുതി-69 | വിസ്തൃതി -23<br>നിരക്ക് -50<br>അടിസ്ഥാന നികുതി-1150 | 1376 | പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോറിൽ ഒരു പാർപ്പിടം |

| | | | | | |
|---|---|---|---|---|---|
| | | നികുതി -69<br>സെസ്സ് -4<br>ആകെ നികുതി-73 | വഴി 20% വർദ്ധന -230<br>നികുതി -1380<br>സെസ്സ് -69<br>ആകെ നികുതി-1449 | | |
| ആകെ | | | | 3717 | |

ഇത്തരത്തിൽ നികുതി തെറ്റായി കണക്കാക്കിയത് മൂലം പഞ്ചായത്തിന് 2017-18 വർഷവും തുടർന്നുള്ള വർഷങ്ങളിലും വരുമാനത്തിൽ കുറവ് വരാനിടയാകുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/17-18 തിയ്യതി 19.3.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം കെട്ടിടങ്ങളുടെ നികുതി കണക്കാക്കിയത് പുന:പരിശോധിക്കേണ്ടതും കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി - അപാകതകൾ

2017-18 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി വരവ് സംബന്ധിച്ച രേഖകൾ (ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ) എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

ഡിമാന്റ് രജിസ്റ്ററിൽ കച്ചവടക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ അപൂർണ്ണമായാണ് രേഖപ്പെടുത്തിയത്. കച്ചവടക്കാരന്റെ പേരും ഈടാക്കിയ തുകയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം, അർദ്ധവാർഷിക വരുമാനം എന്നിവ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല ട്രേഡേഴ്സ് ലിസ്റ്റും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല .

2) കെ.എസ്.ഇ.ബി യിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി

കാണുന്നില്ല

കെ.എസ്.ഇ.ബി , മാവേലി സ്റ്റോർ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ 4.2.92ലെ എം.സി -1 3142/92 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. 24.11.95 ന് 32985/എൽ.2/95 നമ്പറിൽ തദ്ദേശഭരണ വകുപ്പ് സെക്രട്ടറി വൈദ്യുതി ബോർഡ് സെക്രട്ടറിക്ക് അയച്ച കത്തിൽ തൊഴിൽ നികുതി ഒഴിവാക്കണമെന്ന ആവശ്യം സർക്കാർ നിരസിച്ചതായി അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി യിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. കെ.എസ്.ഇ.ബി യിൽ നിന്ന് കുടിശ്ശിക ഇനത്തിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3) തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്തത് - സംബന്ധിച്ച്

1.കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്.

2.കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ, ഉദ്യോഗസ്ഥൻമാരോ കരാറുകാരോ ആയി പഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

3.. കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 16 പ്രകാരം തൊഴിലുടമയോടോ ,അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്

4. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 3ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള

മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഈ നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും തൊഴിൽ നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ച കൂടാതെ പിരിച്ചെടുക്കുന്നു എന്നുറപ്പു വരുത്തേണ്ട ഉത്തരവാദിത്തം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്കും ഉദ്യോഗസ്ഥർക്കുമുണ്ട്. നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിന് ബജറ്റ് ചർച്ചകളിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള ബന്ധപ്പെട്ട ചട്ടങ്ങളിലെ നടപടിക്രമങ്ങൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/17-18 തിയ്യതി 20.3.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ചുകൊണ്ട് 2018-19 വർഷത്തെ നികുതി പിരിവ് ഊർജ്ജിതമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-3 കെ.എസ്.ഇ.ബിയിൽനിന്നും വാടക ഈടാക്കുന്നില്ല.

പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ 2017-18ലെ കെട്ടിട വാടകയുമായി ബന്ധപ്പെട്ട രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 11/622,11/632 എന്നീ മുറികൾ കെ.എസ്.ഇ.ബി.ക്ക് 1.2.2008 മുതൽ വാടകയ്ക്ക് കൈമാറിയിരുന്നു. വാടക നിശ്ചയിക്കുകയോ കെഎസ്ഇബി യുമായി വാടക നിബന്ധന സംബന്ധിച്ച് ക്കരാറിലേർപ്പെട്ടതായി കാണുന്നില്ല. 2016-17 ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം പരാമർശിച്ചിരുന്നുവെങ്കിലും 2017-18 സാമ്പത്തിക വർഷത്തിലും വാടക നിശ്ചയിക്കാനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 11/622 നം മുറി സ്ട്രീറ്റ് ലൈറ്റ് ഏക്സസറീസ് സ്റ്റോക്ക് ചെയ്യുന്നതിനായി പഞ്ചായത്ത് ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2005 ലെ കേരള പഞ്ചായത്ത് രാജ് വസ്തു ആർജ്ജിക്കലും കൈമാറ്റലും ചട്ടങ്ങൾ പാലിക്കാതെ പഞ്ചായത്തിന്റെ സ്ഥാവര സ്വത്തുക്കൾ കൈമാറിയതിന്

വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് ഉപയോഗപ്പെടുത്തുന്ന വൈദ്യുതിയുടെ അളവിന് ഗ്രാമപഞ്ചായത്തിനെ ഒഴിവാക്കപ്പെട്ടിട്ടില്ല എന്ന വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി&ഒ ലൈസൻസ് ഈടാക്കിയതിലെ അപാകതകൾ

ഓഡിറ്റ് വർഷത്തെ ഡി&ഒ അപേക്ഷകൾ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 2423 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ടെന്നിരിക്കെ ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 376 വ്യാപാരികളിൽ നിന്നും മാത്രമേ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളൂ.

2) 2016-17 ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 542 വ്യാപാരികളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തെ രജിസ്റ്ററിൽ ക്രമ നം.(1) ൽ കാണിച്ച പ്രകാരമുള്ള 376 സ്ഥാപനങ്ങൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ.

മേൽ വിവരങ്ങളിൽ നിന്നും സഞ്ചയ പ്രകാരമുള്ള മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വാണിജ്യാവശ്യങ്ങൾക്ക് നൽകുന്ന മുഴുവൻ കെട്ടിടങ്ങളിൽ വ്യാപാരത്തിലേർപ്പെടുന്ന മുഴുവൻ പേരിൽ നിന്നും ലൈസൻസ് പിരിക്കുന്നതിന് വിവരശേഖരണം നടത്തി മേൽ നടപടികൾക്കായി സൂക്ഷിക്കേണ്ടതാണ്. അതു വഴി നികുതി വിധേയമാക്കേണ്ട സ്ഥാപനങ്ങൾ വിട്ടു പോകുന്നത് ഒഴിവാക്കാൻ സാധിക്കുമെന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-5 ഡിമാന്റ് ഡ്രാഫ്റ്റുകൾ/ ചെക്ക് പണമാക്കാതെ ഫയലിൽ സൂക്ഷിക്കുന്നു

പ്രോജക്ട് – ഖരമാലിന്യ നിർമ്മാർജ്ജനം 62/18

നിർവ്വഹണം സെക്രട്ടറി

മേൽ പ്രോജക്ടിനായി സെക്യൂരിറ്റി തുകയായും ഇഎംഡി ആയും ലഭിച്ച ഡിമാന്റ്

ഡ്രാഫ്റ്റുകൾ/ ചെക്ക് പണമാക്കാതെ ഫയലിൽ സൂക്ഷിക്കുന്നതായി കണ്ടു. വിശദ വിവരങ്ങൾ താഴെ.

| ഡിഡി/ചെക്ക് നമ്പർ | തുക |
|---|---|
| 389054/21.3.17 | 15000 |
| ചെക്ക് 21197/13.3.17 | 5000 |
| 389003/22.2.17 | 5000 |
| 23269/27.2.19 | 12500 |
| | 37500 |

27.08.2010 ലെ 80/2010/ധന. നമ്പർ സർക്കുലർ പ്രകാരം ഡിമാന്റ് ഡ്രാഫ്റ്റായി സ്വീകരിക്കുന്ന ഇ.എം.ഡി.,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ച് കാലഹരണപ്പെടുത്താതെ അക്കൗണ്ടിൽ നിക്ഷേപിച്ച് സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. യഥാസമയം തുക ക്ലെയിം ചെയ്യാതെ ഡിമാന്റ് ഡ്രാഫ്റ്റ് ഫയലിൽ സൂക്ഷിച്ചവച്ചു വയ്ക്കുന്നത് തുക കാലഹരണപ്പെടുന്നതിനിടയാക്കും. കൂടാതെ വാർഷിക കണക്കിൽ ഡെപ്പോസിറ്റ് ഇനത്തിൽ കാണിക്കേണ്ടതും പ്രവൃത്തി പൂർത്തീകരണത്തിനു ശേഷം തിരികെ നൽകേണ്ടതുമായ തുകയുടെ വിവരവും ലഭ്യമല്ല. അപാകതയ്ക്ക് വിശദീകരണം നൽകിയിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച മേൽ നടപടികൾ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ജല സംരക്ഷണപദ്ധതികൾ നടപ്പിലാക്കുന്നില്ല. -

## കുടിവെള്ള ക്ഷാമം രൂക്ഷം

13.45 കിലോമീറ്റർ മാത്രം ഭൂവിസ്തൃതിയുള്ള പ്രദേശമാണ് പെരുമണ്ണ ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിന്റെ ചാലിയാറിന്റെയും മാമ്പുഴയുടെയും ഇടയിൽ സ്ഥിതിചെയ്യുന്ന പെരുമണ്ണ വ്യാപകമായി നെൽപ്പാടങ്ങളും കുന്നുകളും ഉള്ള സ്ഥലമായിരുന്നു. മിക്ക നെൽപ്പാടങ്ങളും നിലവിൽ നികത്തപ്പെട്ട സ്ഥിതിയിലേക്ക് മാറിക്കൊണ്ടിരിക്കയാണെന്നും പ്രകൃതി ചൂഷണം ആവാസ വ്യവസ്ഥയെ തകിടം മറിക്കുന്ന സ്ഥിതിയിലേക്ക് വരുന്നതായും സ്റ്റാറ്റസ് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്. 2011 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 40,465 ആണ്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ 35 കുടിവെള്ള പദ്ധതികളാണുള്ളത്. പദ്ധതികൾ മുഴുവനും പ്രവർത്തിക്കുന്നതായും 2646 ഗുണഭോക്താക്കൾ ഈ പദ്ധതികൾ ഉപയോഗപ്പെടുത്തുന്നതായും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. എന്നാൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളെപ്പറ്റിയോ കുടുംബങ്ങളെപ്പറ്റിയോ സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിക്കുന്നില്ല. ഇത്രയും കുടിവെള്ള പദ്ധതികളും നിരവധി കിണറുകളും ഉണ്ടായിട്ടും തൻവർഷം ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലുമായി കുടിവെള്ള വിതരണം നടത്തിയ വകയിൽ 7,59,667/- രൂപ ചെലവഴിച്ചിട്ടുമുണ്ട് (ഇതിൽ 2000 ലിറ്ററിന്റെ 13 ടാങ്കുകൾ വാങ്ങിയ തുകയും ഉൾപ്പെടുന്നുണ്ട്). ഇത് രൂക്ഷമായ കുടിവെള്ള ക്ഷാമത്തെയാണ് സൂചിപ്പിക്കുന്നത്. കൂടാതെ ഗ്രാമപഞ്ചായത്തിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നതായി 07.03.2018 ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം വിലയിരുത്തിയിട്ടുണ്ട്. കുടിവെള്ളം വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയോ സ്വകാര്യ വ്യക്തി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് ഒരു പരിശോധന നടത്തുകയോ ചെയ്തില്ല. എവിടെ നിന്നാണ് വെള്ളമെടുക്കുന്നതെന്നോ ജലസ്രോതസ്സിന്റെ അവസ്ഥയെന്തെന്നോ വ്യക്തമല്ല. വാർഡ് വികസന സമിതികൾക്കാണ് പണം നൽകിയത്. പല വാർഡുകളിലും സന്നദ്ധ സംഘടനകളുടെ സ്പോൺസർഷിപ്പ് ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് രേഖകളിലുണ്ടെങ്കിലും തുക എത്രത്തോളം കൈപ്പറ്റിയെന്നോ ആകെ ചെലവിൽ പ്രസ്തുത സംഘടനകളുടെ പങ്കെന്തെന്നോ വ്യക്തമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്നതിന് മഴവെള്ള സംഭരണം, കിണർ റീ ചാർജ്ജിംഗ്, കുളങ്ങൾ നവീകരിക്കൽ, വയൽ നികത്തുന്നത് കർശനമായി നിരോധിക്കൽ തുടങ്ങിയ ആസൂത്രിത നീക്കങ്ങൾ നടത്തണമെന്ന് കുടിവെള്ള – ശുചിത്വ വർക്കിംഗ് ഗ്രൂപ്പിന്റെ 10.05.2017, 30.01.2018, 07.03.2018 എന്നീ ദിവസങ്ങളിൽ നടന്ന യോഗങ്ങളിൽ നിർദ്ദേശിച്ചിരുന്നു. കൂടാതെ കുഴൽ

കിണറിന് നിയന്ത്രണം ഏർപ്പെടുത്തുക, ജപ്പാൻ കുടിവെള്ള വിതരണം പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും വിതരണം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക വീടുകൾക്ക് മഴവെള്ള സംഭരണിക്ക് സബ്സിഡി അനുവദിക്കുക, നിലവിൽ പ്രവൃത്തി ആരംഭിച്ച കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് പ്രഥമ പരിഗണന നൽകുക, നിലവിലുള്ള പദ്ധതികൾ മെച്ചപ്പെടുത്തുക തുടങ്ങിയ നിരവധി നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പിന്റെ വിവിധ യോഗങ്ങളിൽ അവതരിപ്പിച്ചിട്ടുമുണ്ട്. എന്നാൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്ന തരത്തിലുള്ള, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ച പദ്ധതികളൊന്നും തന്നെ തൻവർഷം ആവിഷ്കരിച്ചില്ല.

<u>ആകാശഗംഗ - കിണർ റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കിയില്ല.</u>

2017-18 വർഷം 16 ലക്ഷം രൂപ അടങ്കലിൽ കൃഷി ഓഫീസർ നിർവ്വഹണോദ്യഗസ്ഥയായി കിണർ റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം ലഭിച്ചിരിന്നു (പ്രോജക്ട് നം. 136/18). കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള സ്കിൽ ഡവലപ്പ്മെന്റ് സെന്ററിന്റെ സഹകരണത്തോടെ, ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ജലം സംരക്ഷിക്കുന്നത് വഴി ജലക്ഷാമം മറികടക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഗുണഭോക്തൃ വിഹിതം 4 ലക്ഷം രൂപയും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 4 ലക്ഷം രൂപ വീതവുമായി ആകെ 16 ലക്ഷം രൂപയാണ് പദ്ധതിയുടെ അടങ്കൽ. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 06.03.2018 ന് ഗുണഭോക്താക്കളുടെ ഒരു യോഗം പഞ്ചായത്ത് ഹാളിൽ വെച്ച് ചേർന്നു. പ്രസ്തുത യോഗത്തിൽ സ്കിൽ ഡവലപ്പ്മെന്റ് സെന്ററുമായി ബന്ധപ്പെട്ടവർ പരിശീലന പരിപാടിയും നടത്തിയിരുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കിയില്ല. തുടർന്ന് ജില്ലാപഞ്ചായത്ത് വിഹിതം തിരികെ അടവാക്കി. ബ്ലോക്ക്പഞ്ചായത്ത് വിഹിതം തിരികെ അടവാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സമ്പൂർണ്ണ കിണർ റീചാർജ്ജിംഗ് പദ്ധതിയുടെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 വർഷം 129 കിണർ റീചാർജ്ജിംഗ് നടത്തിയിട്ടുണ്ട്. തൻ വർഷം കുടിവെള്ളക്ഷാമം ഇത്രയേറെ രൂക്ഷമായിട്ടും കൃഷി ഓഫീസർ പദ്ധതി നടപ്പാക്കാതിരുന്നത് നിർവ്വഹണോദ്യഗസ്ഥയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിയ പദ്ധതിയുടെയും കൃഷി ഓഫീസർ നിർവ്വഹണോദ്യഗസ്ഥയായി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച കിണർ റീചാർജ്ജിംഗ് പദ്ധതിയുടെയും യൂണിറ്റ് നിരക്ക്, നടപ്പിലാക്കുന്ന രീതി, ഗുണഭോക്തൃ വിഹിതം എന്നിവ വ്യത്യാസപ്പെടുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം കൂടി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

മേൽ സാഹചര്യത്തിൽ, രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന്

താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാവുന്നതാണ്.

1. കിണർ റീ ചാർജ്ജിംഗ് (അനുയോജ്യമായ പ്രദേശങ്ങളിൽ), മഴവെള്ള സംഭരണി എന്നിവയ്ക്ക് സബ്സിഡി നൽകി പദ്ധതി നടപ്പിലാക്കുക.

2. കുളങ്ങൾ, ജലാശയങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ശുചീകരണത്തിനും നടപടിയെടുക്കുക

3. വയൽ നികത്തുന്നത് കർശനമായി നിരോധിക്കുക.

4. നിലവിലുള്ള വയലുകളുടെയും കുന്നുകളുടെയും സർവ്വെ നടത്തി തൽസ്ഥിതി നിലനിർത്തുക.

4. നിലവിലുള്ള കുടിവെള്ള പദ്ധതികൾ അറ്റകുറ്റപണി നടത്തി, പൈപ്പ് ലൈൻ ദീർഘിപ്പിച്ച് പ്രവർത്തനക്ഷമമാക്കുക.

5. തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക.

6. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം മണ്ണ്, ജല സംരക്ഷണ പ്രവർത്തനം നടത്തുക.

7. കുഴൽ കിണറിന് നിയന്ത്രണം ഏർപ്പെടുത്തുക.

8. നിലവിലുള്ള ജലസ്രോതസ്സുകളെല്ലാം സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക.

വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തെ പ്രതിരോധിക്കാനും ജലസുരക്ഷ ഉറപ്പ് വരുത്തുന്നതിനും ജലവിതരണം പോലുള്ള താൽക്കാലിക നടപടികൾ പ്രശ്ന പരിഹാരത്തിന് ഉതകുന്നതല്ല. ആയതിനാൽ, മേൽ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട്, വേനൽക്കാലത്തും ജലലഭ്യത ഉറപ്പ് വരുത്തുന്ന വിധത്തിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദമായ ഒരു റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3- 2 റോഡ് പ്രവൃത്തികൾക്ക് (MoRD) അധിക നിരക്കിൽ ഓവർഹെഡ് ചാർജ്ജ് നൽകുന്നു.

തൻവർഷം ഗ്രാമപഞ്ചായത്തിലെ മിക്ക റോഡ് പ്രവൃത്തികളും MoRD സ്പെസിഫിക്കേഷൻ പ്രകാരമാണ് നിർവ്വഹണം നടത്തിയത്. PRICE LSGD എന്ന സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തികളുടെ ഡാറ്റാ

പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയിരിക്കുന്നത് 10% ഓവർഹെഡ് ചാർജ്ജും അതിന്മേൽ കരാറുകാരന്റെ 10% ലാഭവും ഉൾപ്പെടുത്തിയാണ്. MoRD സ്പെസിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് പ്രകാരമുള്ള ഡാറ്റയെ അടിസ്ഥാനമാക്കിയാണ് PRICE LSGD ൽ MoRD പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത്. സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സമീപനങ്ങളും പൊതുമാനദണ്ഡങ്ങളും വിവരിക്കുന്ന ആമുഖത്തിലെ ഖണ്ഡിക നം. 4 ൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെട്ടത്തിന്റെ സാഹചര്യം വ്യക്തമാക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% ഓവർഹെഡ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചുകൊണ്ടാണെന്ന് മേൽപറഞ്ഞ ഖണ്ഡികയിൽ സൂചിപ്പിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടതും ഗ്രാമപഞ്ചായത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തമായതുമായ ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, വൈദ്യുതി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.

2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.

3. ലേബർ നിയമ പ്രകാരമുള്ള ചെറിയ തോതിലുള്ള ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.

4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

5. MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.

6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിൽ മിക്കതിലും ഭാഗിക ചെലവോ ചെലവ് തന്നെ ഇല്ലെന്ന് കാണാം. 17 ാം ഇനമായി സൂചിപ്പിച്ച സെയിൽ/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് കുറഞ്ഞ അടങ്കലിലുള്ള പ്രവൃത്തികൾ ചെയ്യുമ്പോൾ കരാറുകാരന് ഉണ്ടാകുന്ന യഥാർത്ഥ ചെലവ്.

ഗ്രാമപഞ്ചായത്തുകളുടെ പ്രത്യേക സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതായതു കൊണ്ടും ഇതുതന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രോജക്ട് ചെലവ് മാത്രം വരുമെന്നതിനാലും മേൽപറഞ്ഞ ചെലവുകൾ കരാറുകാരന് വഹിക്കേണ്ടി വരുന്നില്ല. എന്നാൽ വലിയ പ്രവൃത്തികൾക്കെന്ന പോലെ ഓവർഹെഡ് ചാർജ്ജ്

പൂർണ്ണമായും (10%) നൽകുന്നത് അനർഹമാണ്. കൂടാതെ ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്നു. PRICE LSGD എന്ന സോഫ്റ്റ് വെയറിൽ തന്നെ തയ്യാറാക്കുന്ന MoRTH സ്പെസിഫിക്കേഷനിൽ റോഡ് നിർമ്മാണത്തിന് 5% ഓവർഹെഡ് ചാർജ്ജാണ് നല്കിവരുന്നത്.

മേൽ സാഹചര്യത്തിൽ കരാറുകാർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധിക തുക നൽകിയതിന് വിശദമായ മറുപടി നൽകേണ്ടതാണ്.

## 3-3 കോസ്റ്റ് ഇൻഡെക്സിൽ വന്ന കുറവ് എസ്റ്റിമേറ്റിൽ കുറവ് ചെയ്തില്ല - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

2017-18 വർഷം അംഗീകാരം വാങ്ങിയ 50 പുതിയ പ്രൊജക്ടുകളിൽ 35 പ്രവൃത്തികൾക്ക് കരാർ വച്ചിട്ടുള്ളത് 28.11.2017 ന ശേഷമാണ്. അംഗീകാരം വാങ്ങിയ താഴെ പട്ടികയിൽ പറയുന്ന 35 പ്രവൃത്തികളുടേയും എസ്റ്റിമേറ്റിൽ അടിസ്ഥാന നിരക്കിനൊപ്പം 1.4.17 മുതൽ പ്രാബല്യത്തിലുള്ള 42.16% നിരക്കിലുള്ള കോസ്റ്റ് ഇൻഡെക്സ് കണക്കാക്കിയാണ് എസ്റ്റിമേറ്റ് കോസ്റ്റ് കണക്കാക്കിയത്. എന്നാൽ 1.10.2017 പ്രാബല്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 37.25% ആയി കുറഞ്ഞിരുന്നു. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. ഇപ്രകാരം മാറ്റം വരുത്താത്തത് കാരണം കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 (42.16 – 37.25) ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തു. ഓഡിറ്റ് വർഷത്തിൽ ചെലവ് വന്ന താഴെ പറയുന്ന 35 പ്രവൃത്തികളിലായി ആകെ 323330/- രൂപ (നികുതി + കരാറുകാർക്ക് അധികം നൽകിയത്) അധികച്ചെലവുണ്ടായിട്ടുണ്ട്. തൻവർഷം വിവിധ കരാറുകാർക്ക് താഴെ പട്ടികയിൽ പറയുന്ന 35 പ്രവൃത്തികൾക്കായി ആകെ ചെലവഴിച്ച 88,73,993/- രൂപയിലാണ് മേൽ തുക അധികം നൽകിയിട്ടുള്ളത്. അപാകതയ്ക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതുമാണ്. കൂടാതെ തുക നല്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെ ബിൽ തുകയിൽ നിന്നും അധിക തുക കുറവുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. 3,22,989/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം, പേര്, എം. ബുക്ക് നം. | ടെണ്ടർ/ റീടെണ്ടർ | കരാറുകാരന്റെ പേര് | ആകെ പ്രവൃത്തി | 4.91% നിരക്കിൽ |
|---|---|---|---|---|---|

| | | തീയതി, കരാർ തീയതി | | മൂല്യം, ബിൽ നം | അധികം അനുവ ദിച്ച തുക |
|---|---|---|---|---|---|
| 1. | 99/18, അറത്തിൽ പറമ്പ് ചാമടത്ത് താഴം റോഡ്, 79/16-17 | 28.11.2017, 11.12.2017 | എം.കെ കുഞ്ഞാമു | 4,00,000 | 13,816 |
| 2. | 156/18, കുറുഞ്ഞോലത്ത് പാലം കള്ളാടി ചോല റോഡ്, 09/16-17 | 28.11.2017, 14.12.2017 | അബ്ബാസ് കെ | 88,424, | 3,054 |
| 3. | 162/18, വനിതാ വ്യവസായ കേന്ദ്രം മെയിന്റനൻസ്, 94/16-17 | 11.12.2017, 17.01.2018 | ധർമ്മദാസ് | 70,151, | 2,423 |
| 4. | 71/18, പുതുക്കുടി ചിറ്റേടത്ത് റോഡ്, 132/17-18 | 28.11.2017, 11.12.2017 | മൂസാക്കുട്ടി പി.പി | 3,00,000, | 10,362 |
| 5. | 139/18, അമ്പിലോളി മുറാട്ടു കുന്ന് ലിങ്ക് റോഡ്, 10/16-17 | 28.11.2017, 06.12.2017 | പി. മുഹമ്മദ് സാദത്ത് | 2,98,206, | 10,300 |
| 6. | 61/18, മുണ്ടുപാലം മാർച്ചാലിൽ റോഡ് - റീച്ച് -2, | 01.12.2017, 05.01.2018 | എം.കെ കുഞ്ഞാമു | 4,84,694 | 16,741 |

| | | | | | |
|---|---|---|---|---|---|
| | 95/16-17 | | | | |
| 7. | 174/18, കണ്ടിയിൽ ഫുട്പാത്ത്, 06/16-17 | 28.11.2017, 14.12.2017 | അബ്ബാസ്.കെ | 1,00,000 | 3,454 |
| 8. | 145/18, കുപ്പേരി ഇടവഴി, 26/16-17 | 28.11.2017, 13.12.2017 | കെ. ശ്രീനിവാസൻ | 1,00,000, | 3,454 |
| 9. | 150/18, ചങ്ങരം കുന്ന് മുണ്ട് പാലം റോഡ്, 97/16-17 | 01.12.2017, 17.01.2018 | എം.കെ കുഞ്ഞാമു | 7,70,416 | 26,609 |
| 10. | 168/18, അറത്തിൽ പറമ്പ് തവിട്ട് ചിറക്കുന്ന് റോഡ്, 100/16-17 | 28.11.2017, 11.12.2017 | എം.കെ കുഞ്ഞാമു | 3,50,000 | 12,089 |
| 11. | 102/18, മുരട്ടക്കുന്ന് കുവ്വിൽ പൊയിൽ വടക്കെ പറമ്പ് റോഡ്, 91/16-17 | 28.11.2017, 06.12.2017 | പി. മുഹമ്മദ് സാദത്ത് | 2,97,186 | 10,264 |
| 12. | 128/18, അമ്പലത്താഴം എടച്ചേരിക്കണ്ടി പറമ്പ് ഫുട്പാത്ത്, | 28.11.2017, 11.12.2017 | മൂസക്കുട്ടി പി.പി. | 68,457 | 2,364 |

| | | | | | |
|---|---|---|---|---|---|
| | 133/17-18 | | | | |
| 13. | 79/18, കോരംപറമ്പ് പുതുക്കുടി അത്തോളി താഴം റോഡ്, 27/16-17 | 28.11.2017, 14.12.2017 | സുബീഷ്. എ | 4,00,000 | 13,816 |
| 14. | 97/18, പുത്തൂർ മഠം കുന്നംകുളങ്ങര റോഡ്, 96/16-17 | ------------, 31.01.2018 | അസ്സയിൻ .ഇ | 2,00,000 | 6908 |
| 15. | 151/18, പൂവത്താളി കുടിവെള്ള കിണർ സംരക്ഷണം, 82/16-17 | 11.12.2017, 22.01.2018 | ആർ.എം. മുഹമ്മദ് | 2,85,959 | 9,877 |
| 16. | 78/18, ഒതയമംഗലം കച്ചേരി പറമ്പ് റോഡ്, 34/16-17 | 28.11.2017, 11.12.2017 | എം.കെ കുഞ്ഞാമു | 4,00,000 | 13,816 |
| 17. | 81/18, പൂവാട്ട് പറമ്പ് കുറ്റിക്കാട്ടൂർ എച്ച്.എസ്. റോഡ്, 11/16-17 | 28.11.2017, 12.12.2017 | ഷാജിഷ് കുമാർ | 4,00,000 | 13,816 |

| | | | | | |
|---|---|---|---|---|---|
| 18. | 98/18, പെരിങ്ങാട്ട് താഴം കുറുങ്ങോട്ടുമ്മൽ റോഡ്, 24/16-17 | 28.11.2017 13.12.2017 | പി. അസീസ് | 4,00,000 | 13,816 |
| 19. | 125/18, പി.എച്ച്.സി സൗകര്യം മെച്ചപ്പെടുത്തൽ, 155/17-18 | 13.12.2017 27.11.2017 | എം.കെ കുഞ്ഞാമു | 3,16,298 | 10,925 |
| 20. | 68/18, തെറ്റത്തിൽ കുറുങ്ങോട്ടുമ്മൽ റോഡ്, 99/16-17 | 01.11.2017, 27.11.2017 | പി. അസീസ് | 5,43,264 | 18,763 |
| 21. | 129/18, വള്ളിക്കുന്ന് മലങ്കാളി - വള്ളിക്കുന്ന് പറമ്പ് റോഡ്, 07/16-17 | 28.11.2017, 13.12.2017 | ധർമ്മദാസ് | 4,00,000 | 13,816 |
| 22. | 82/18, കോരംപറമ്പ് പാറക്കുളം റോഡ്, 12/16-17 | 28.11.2017, 07.12.2017 | ഇ.എം. പ്രകാശൻ | 4,00,000 | 13,816 |
| 23. | 173/18, പയ്യടി മീത്തൽ പോക്കിനാരി റോഡ്, 92/16-17 | 28.11.2017, 06.12.2017 | പി. മുഹമ്മദ് സാദത്ത് | 3,58,481 | 12381 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 24. | 94/18, കട്ടക്കളം കണ്ടം പറമ്പത്ത് ഫുട്പാത്ത്, 32/16-17 | 28.11.2017, 06.12.2017 | ആർ.എം. മുഹമ്മദ് | 1,00,000 | 3,454 |
| 25. | 74/18, കൊളക്കാട്ട് കുഴിക്കണ്ടത്തിൽ ഫുട്പാത്ത്, 15/16-17 | 28.11.2017, 12.12.2017 | സജീഷ് കുമാർ | 1,25,000 | 4,317 |
| 26. | 132/18, പുത്തലത്ത് താഴം അരിയായിൽ പാടം റോഡ്, 126/17-18 | 28.11.2017, 13.12.2017 | പി. അസീസ് | 1,00,000 | 3,454 |
| 27. | 154/18, കോട്ടായിത്താഴം കയിൽത്തൊടി റോഡ്, 35/16-17 | 28.11.2017 11.12.2017 | എം.കെ കുഞ്ഞാമു | 2,75,250 | 9,507 |
| 28. | 96/18, നെട്ടൂളിപ്പാറയിൽ തെക്കെ കാരാട്ട് ഫുട്പാത്ത്, 33/16-17 | 28.11.2017 06.12.2017 | ആർ.എം. മുഹമ്മദ് | 89,374 | 3,086 |

| | | | | | |
|---|---|---|---|---|---|
| 29. | 159/18, പാറ അംഗനവാടി ൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ, 70/16-17 | 28.11.2017, 14.12.2017 | അബ്ബാസ് കെ. | 76,940 | 2,658 |
| 30. | 158/18, ഹോമിയോ ഡിസ്പെ ൻസറി കെട്ടിടം സൗകര്യം മെച്ചപ്പെടുത്തൽ, 83/16-17 | 28.11.2017, 12.12.2017 | ഒ. മുഹമ്മദ് | 3,88,346 | 13,413 |
| 31. | 142/18, പീടികക്കണ്ടി കുളങ്ങര മീത്തൽ നടപ്പാത, 28/16-17 | 28.11.2017 13.12.2017 | കെ. ശ്രീനിവാസൻ | 2,00,000 | 6,908 |
| 32. | 83/18, മുത്തുമന മീത്തൽ ഫുട്പാത്ത്, 128/17-18 | 28.11.2017, 07.12.2017 | ഇ.എം. പ്രകാശൻ | 75,000 | 2,590 |
| 33. | 73/18, അംഗൻവാടി ഓസോൺ പോളിമർ ഫുട്പാത്ത്, 127/17-18 | 28.11.2017, 07.12.2017 | ഇ.എം. പ്രകാശൻ | 74,815 | 2,584 |

| | | | | | |
|---|---|---|---|---|---|
| 34. | 146/18, പാലത്തുംകുഴി മുള്ളനാം പറമ്പിൽ ഇടവഴി, 13/16-17 | 28.11.2017, 14.12.2017 | അബ്ബാസ് കെ. | 1,00,000 | 3,454 |
| 35. | 76/18, പടിഞ്ഞാരെക്കര ചോലക്കൽ മീത്തൽ റോഡ്, 14/16-17 | 28.11.2017, 14.12.2017 | അബ്ബാസ് കെ. | 3,25,000 | 11,225 |
| ആകെ | | | | 8873993 | 3,23,330 |

## 3-4 പൂർണ്ണ സജ്ജമായ ആശുപത്രി കെട്ടിടം കാട്ടു പിടിച്ച് നശിക്കുമ്പോൾ ആയുർവേദ ആശുപത്രി പരിമിത സൗകര്യത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു

പഞ്ചായത്തിൽ ആയുർവേദ ആശുപത്രിക്കായി കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് 2016-17 ൽ വൈദ്യതീകരണ പ്രവൃത്തികളും നടത്തി പ്രവർത്തന സജ്ജമാക്കിയതാണ്. എന്നാൽ ആശുപത്രി നാളിതു വരെ പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചിട്ടില്ല. ആശുപത്രി പരിസരം കാട്ടു മൂടി കെട്ടിടം നശിക്കുന്ന അവസ്ഥയിലാണുള്ളത്. നിലവിൽ ആശുപത്രിക്കായി വാങ്ങിയ ഫർണിച്ചറുകൾ അശ്രദ്ധമായി കൂട്ടിയിട്ടതായും കാണാൻ കഴിഞ്ഞു.



ആശുപത്രിക്കായി കെട്ടിടം നിലവിലുള്ളപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനായി താഴെ പറയും വിധം തുക ഓഡിറ്റ് വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം. | തുക | |
|---|---|---|
| 21700273/15.5.17 | 14838 | 1.11.16 മുതൽ<br>30.4.17 വരെയുള്ള വാടക |
| 21700919/19.10.17 | 12365 | 1.5.17 മുതൽ<br>30.9.17 വരെയുള്ള വാടക |
| /12.3.18 | 12365 | 1.10.17 മുതൽ<br>28.2.17 വരെയുള്ള വാടക |
| | 39568 | |

പൂർണ്ണ സജ്ജമായി കെട്ടിടം നിലവിലിരിക്കെ വാടക നൽകിയത് അനാവശ്യ ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. ആശുപത്രിക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തിയതും കെട്ടിട നിർമ്മാണം നടത്തിയതും ഗ്രാമപഞ്ചായത്ത് വിശദമായി പരിശോധിച്ച് പദ്ധതി ആസൂത്രണം ചെയ്തതിന്റെ അടിസ്ഥാനത്തിലാണ്. അത്കൊണ്ട് തന്നെ ഏതെങ്കിലും തരത്തിലുള്ള പോരായ്മ ചൂണ്ടിക്കാണിച്ച് കെട്ടിടം ഉപയോഗപ്പെടുത്തുന്നതിൽ നിന്നും ഗ്രാമപഞ്ചായത്തിന് ഒഴിവാകാനാവില്ല. മേൽ അപാകത ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. 39568/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ അപാകതയ്ക്ക് വസ്തു നിഷ്ഠമായി മറുപടി നൽകേണ്ടതാണ്.

## 3-5 തെരുവു വിളക്കുകൾ സ്ഥാപിക്കൽ - അപാകതകൾ

(1)പ്രോജക്ട് 181/18 എൽഇഡി തെരുവു വിളക്ക് സ്ഥാപിക്കൽ

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 153300 ലോക ബാങ്ക് ധനസഹായം

5000 തനത് ഫണ്ട്

ചെലവ് 151815 ബിൽ 33/17-18 12.1.18

ഗ്രാമ പഞ്ചായത്തിലെ പ്രധാന റോഡുകളിൽ നിലവിലുള്ള തെരുവു വിളക്കുകൾ മാറ്റി എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട്. ആയതിനായി കുറവ് നിരക്ക് ക്വാട്ട് ചെയ്ത ഏഷ്യൻ മാർക്കറ്റിംഗ് വാഴയൂർ എന്ന സ്ഥാപനത്തിൽ നിന്നും 20 w എൽ.ഇ.ഡി വിളക്കുകൾ 87 എണ്ണം 12% GST അടക്കം 1745 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകത കണ്ടു.

1. വിളക്കുകൾ സ്ഥാപിച്ചതിന്റെ വിവരം പോസ്റ്റ് നമ്പർ സഹിതം മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. കെ എസ് ഇ ബി പ്രവൃത്തി സൂപ്പർവൈസ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല

(2) പ്രോജക്ട് - എൽഇഡി തെരുവു വിളക്കുകൾ വാങ്ങലും റിപ്പയറും 64/18

അടങ്കൽ - 500000 ലോകബാങ്ക് ധനസഹായം

29331 തനത് ഫണ്ട്

മേൽ പ്രോജക്ടിനായി താഴെ പറയും വിധം ചെലവു ചെയ്തിട്ടുണ്ട്.

| ഇനം | തുക | ബിൽ നം. തിയ്യതി |
|---|---|---|
| 195 എണ്ണം 20w LED വിളക്കുകൾ മൈക്രോ ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത് 5% വാറ്റ് അടക്കം 1850 രൂപ നിരക്കിൽ (ഇൻവോയ്സ് 108/27.3.17) | 181710<br>179039<br>360749 | 5/17-18 30.6.17<br>13/17-18 19.8.17 |

| | | |
|---|---|---|
| | | |
| 195 വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള ചാർജ്ജ് മൈക്രോ ടെക്നോളജീസ് എന്ന സ്ഥാപനത്തിന് നൽകിയത് 200/- രൂപ നിരക്കിൽ | 38998 | 30/17-18 19.8.17 |
| തെരുവു വിളക്കുകളുടെ സ്പെയർ പാർട്സ്, ഫ്ലൂറസന്റ് ട്യൂബ് എന്നിവ 500 എണ്ണം വാങ്ങിയതിന് പവർലൈൻ ഏജൻസീസിന് നൽകിയത് | 90050 | 7/17-18 30.6.17 |
| | 489797 | |

പ്രോജക്റ്റ് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. എൽഇഡി ലൈറ്റുകൾ സപ്ലൈ ചെയ്യാൻ ടെണ്ടർ ലഭിച്ച മൈക്രോ ടെക്നോളജീസ് എന്ന സ്ഥാപനം രണ്ടു കമ്പനിയുടെ വിളക്കുകൾക്കാണ് നിരക്ക് ക്വാട്ട് ചെയ്തത്. ക്രോംപ്ടൺ കമ്പനിയുടെ വിളക്കിന് 1650 രൂപയും ഹാവൽസ് കമ്പനിയുടെ വിളക്കിന് 1850 രൂപയും. രണ്ടു കമ്പനികളുടെ വിളക്കും 20 വാട്ടിന്റെതും മൂന്നു വർഷ വാറണ്ടിയുള്ളതുമാണ്. കുറഞ്ഞ വിലയുടെ വിളക്കുകൾ ഒഴിവാക്കിയ പഞ്ചായത്ത് ഉയർന്ന വിലയുടെ വിളക്കുകൾക്കാണ് സപ്ലൈ ഓർഡർ നൽകിയത്. ആയതു മൂലം 39000 രൂപയുടെ അധിക ചെലവുണ്ടായി. കുറഞ്ഞ വിലയുടെ വിളക്കുകൾ ഒഴിവാക്കി അധിക വിലയുടെ വിളക്കുകൾ തെരഞ്ഞെടുത്തതിന് ക്ഷമതയുള്ള സാങ്കേതിക വിദഗ്ദന്റെ റിപ്പോർട്ട് ഉൾപ്പെടുത്തിയില്ല.
2. വിളക്കുകൾ സ്ഥാപിച്ചതിന്റെ വിവരം പോസ്റ്റ് നമ്പർ സഹിതം മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. കെ എസ് ഇ ബി പ്രവൃത്തി സൂപ്പർവൈസ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല
4. ഊർജ്ജ ലാഭത്തിനായി ഫ്ലൂറസന്റ് ട്യൂബുകൾ ഒഴിവാക്കി എൽഇഡി ലൈറ്റുകൾ സ്ഥാപിക്കാൻ സർക്കാർ ഉത്തരവുള്ളപ്പോൾ തന്നെ 36 വാട്ടിന്റെ 500 ഫ്ലൂറസന്റ്

ട്യൂബുകളും അവയ്ക്കാവശ്യമായ ചോക്ക് 500, സ്റ്റാർട്ടർ 500, പുഷ് ഫിറ്റ് ഹോൾഡർ 1000, സൈഡ് ഹോൾഡർ 200, എന്നിങ്ങനെ വാങ്ങി സൂക്ഷിച്ചു. ആവശ്യകത നിർണ്ണയിക്കാതെയാണ് മേൽ വാങ്ങലുകൾ നടത്തി കാണുന്നത്. 13255/27.3.17 ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയ മേൽ ഉപകരണങ്ങൾ ഉപയോഗപ്പെടുത്താതെ നിലവിലുള്ള പഞ്ചായത്ത് കാര്യാലയത്തിന്റെ ഒരു ഭാഗത്ത് കൂട്ടിയിട്ട നിലയിലാണ്. ട്യൂബിന് 3 മാസവും മറ്റ് ഉപകരണങ്ങൾക്ക് ഒരു വർഷവുമാണ് കമ്പനി ഗാരണ്ടി കാലാവധി നൽകിയിട്ടുള്ളത്. ഇൻവോയ്സ് തിയ്യതി മുതൽക്കാണ് ഗാരണ്ടി കാലാവധി തുടങ്ങുന്നതെന്നിരിക്കേ മേൽ ഉപകരണങ്ങൾ രണ്ടു വർഷത്തിലേറെയായി ഉപയോഗപ്പെടുത്താതിരുന്നതിനാൽ ഗാരണ്ടി ലഭിക്കില്ല എന്നതിലുപരി വാങ്ങിയ വിളക്കുകൾ സ്ഥാപിക്കാൻ കഴിയാത്തതിനാൽ അനാവശ്യ ചെലവിന് ഇടയാക്കി.

5. മുൻവർഷത്തെ 172/17 പ്രകാരമുള്ള പ്രോജക്ടിന്റെ സ്പിൽ ഓവറായാണ് ഈ പ്രോജക്ട് (64/18) നടപ്പാക്കിയത്. തൻവർഷ പ്രോജക്ടിൽ മുൻവർഷം തനത് ഫണ്ടിൽ നിന്നും 10699 രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് ധനകാര്യ വിശകലനത്തിൽ കാണിച്ചിട്ടുണ്ട്. പ്രോജക്ടിനാവശ്യമായ എല്ലാ ചെലവുകൾക്കും മുഴുവൻ തുകയും 2017-18 ലാണ് നൽകിയതെന്നിരിക്കെ മുൻവർഷം 10699 രൂപ ചെലവഴിച്ചതിന്റെ ആധികാരികത വ്യക്തമല്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. 489797 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വസ്തു നിഷ്ഠമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-6 മൃഗാശുപത്രിയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച

കേരള പഞ്ചായത്ത് രാജ് നിയമം 166 വകുപ്പ് ഉപവകുപ്പ് (1) പട്ടിക 3 പ്രകാരം മൃഗാശുപത്രികൾ നടപ്പാക്കുക എന്നത് മൃഗസംരക്ഷണ ക്ഷീരോൽപ്പാദന മേഖലയിൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ പഞ്ചായത്തിലെ മൃഗാശുപത്രിയ്ക്ക് സ്വന്തമായി കെട്ടിടം ഇല്ല. പെരുമണ്ണ ക്ഷീര സഹകരണ സംഘം അനുവദിച്ചിട്ടുള്ള സ്ഥാപനത്തോട് ചേർന്ന ഒരു മുറിയിലാണ് നിലവിൽ മൃഗാശുപത്രി പ്രവർത്തിയ്ക്കുന്നത്. ഇവിടെ മൃഗാശുപത്രി പ്രവർത്തിപ്പിയ്ക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളൊന്നും ലഭ്യമല്ല.



മൃഗങ്ങളെ പരിശോധിക്കുന്നതിനുള്ള (കെട്ടിയിടുന്നതിനുള്ള) ട്രവിസ്, മൃഗങ്ങൾക്ക് ഇൻജക്ഷനുകൾ നൽകുന്നതിനും മുറിവുകൾ കെട്ടുന്നതിനും ആവശ്യമായ സംവിധാനം, മൃഗങ്ങളെ പരിശോധിയ്ക്കുന്നതിനുള്ള സ്ഥലം, മരുന്നുകൾ സൂക്ഷിയ്ക്കുന്നതിനും, ജലലഭ്യതയ്ക്കും സൗകര്യങ്ങൾ എന്നിവ ഇല്ലാത്തത് വളരെയധികം പ്രയാസങ്ങൾക്ക് കാരണമാകുന്നുണ്ടെന്ന് മൃഗസംരക്ഷണ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നു. മേൽ കാരണങ്ങൾ കൊണ്ടു തന്നെ മൃഗസംരക്ഷണ മേഖലയിൽ സേവനങ്ങൾ നൽകുന്നതിൽ ഗ്രാമപഞ്ചായത്ത് പിറകിലായിട്ടുണ്ട്. 2016-17 ലും 17-18 ലും ബജറ്റിൽ ഒരു കോടി രൂപ വീതം മൃഗാശുപത്രി സ്ഥലമെടുപ്പിനായി നീക്കി വച്ചിട്ടുണ്ടെങ്കിലും രണ്ടു വർഷത്തെ പദ്ധതി ആസൂത്രണത്തിലും മേൽ ഇനം ഉൾപ്പെട്ടില്ല. ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയ അവശ്യസേവനം പദ്ധതിയായി രൂപം കൊള്ളാത്തത് ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയിലോ ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പിലോ ഇതു സംബന്ധിച്ച് ചർച്ചകളോ തീരുമാനങ്ങളോ ഉണ്ടായിട്ടുമില്ല.

അപാകതകയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി 5/207-18 തിയ്യതി 18-03-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർവർഷങ്ങളിൽ സ്വന്തമായ കെട്ടിടത്തിൽ ആശുപത്രി സജ്ജമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ക്ഷീര ഗ്രാമം പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് നമ്പർ - 113/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ - 270000 (വികസന ഫണ്ട് ജനറൽ),

180000 ( ജില്ലാ പഞ്ചായത്ത്)
ചെലവ് - 325000
ബിൽ നമ്പർ - വികസന ഫണ്ട് -195000 (135000-03/17-18 തിയ്യതി 26/03/18,60000-4/ 17-18 തിയ്യതി 28/03/18)
ജില്ലാ പഞ്ചായത്ത്-130000(90000-0961051/23/03/18 , 40000- 0961052/28/03/18

13 വനിതാ ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങുന്നതിനായി 25000 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. സബ്സിഡി തുക 325000 രൂപ പെരുമണ്ണ ഗ്രാമീണ ബാങ്ക് എന്ന ബാങ്കിലേയ്ക്കാണ് അനുവദിച്ചിട്ടുള്ളത്. ബാങ്ക് 13 ഗുണഭോക്താക്കൾക്ക് 50000 രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ പശുവിനെ പർച്ചേസിങ്ങ് കമ്മറ്റിയുടെ സഹായത്തോടെ പൊതുമാർക്കറ്റിൽ നിന്ന് വാങ്ങിയിതിനുള്ള രേഖകൾ ഹാജരാക്കിയിട്ടുണ്ട്. വായ്പാ തുക തിരിച്ചടയ്ക്കുന്ന മുറയ്ക്ക് ബാക്ക് എൻഡ് സബ്സിഡിയായി ബാങ്ക് കർഷകരുടെ അക്കൗണ്ടിലേക്ക് തുക അനുവദിയ്ക്കുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടു

1) ബാങ്കുമായി കരാറിലേർപ്പെടാതെ സബ്സിഡി തുക കൈമാറി.

ക്ഷീര കർഷകർക്കുള്ള സബ്സിഡി തുക 325000 രൂപ ബാങ്കിലേയ്ക്ക് കൈമാറിയിട്ടുള്ളത് ബാങ്കുമായി കരാറിൽ ഏർപ്പെടാതെയാണ്. 25000 രൂപ വായ്പ ലഭിച്ച കർഷകർക്ക് എത്ര ശതമാനം പലിശയിലാണ് വായ്പ അനുവദിച്ചിട്ടുള്ളത്, തിരിച്ചടവ് തുക എത്ര ഗഡുക്കളായാണ്, എത്ര കാലയളവ് വരെ അടയ്ക്കണം, സബ്സിഡി തുക എപ്പോൾ ലഭ്യമാകും എന്നിങ്ങനെയുള്ള വ്യവസ്ഥകളൊന്നും ഉൾപ്പെടുത്തിയ കരാറില്ലാതെയാണ് തുക ബാങ്കിന് നൽകിയത്. വായ്പ ലഭിച്ച മാധവി.വി.പി, രാജേശ്വരി.വി.ടി. എന്നീ ഗുണഭോക്താക്കളുടെ ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ തിരിച്ചടവ് തുക ഏകീകൃത സ്വഭാവത്തിലല്ല എന്നു വ്യക്തമാണ്. കൂടാതെ ബാങ്ക് ഇൻസ്പെക്ഷൻ ചാർജ്, പ്രൊസസിങ്ങ് ചാർജ്, CIBIL ചാർജ്, ഡോക്യുമെന്റ് ചാർജ് തുടങ്ങിയ വിവിധ ഹെഡുകളിലേയ്ക്കായി ഗുണഭോക്താക്കളുടെ വായ്പാ തുകയിലേയ്ക്ക് തുകകൾ ഇടയ്ക്കിടയ്ക്ക് കൂട്ടിക്കൊണ്ടിരിയ്ക്കുന്നുണ്ട്. പദ്ധതി നടത്തിപ്പിൽ പഞ്ചായത്ത് യാതൊരു മോണിറ്ററിങ്ങും നടത്തി കാണുന്നില്ല. ദാരിദ്ര്യ ലഘൂകരണത്തിനായി രൂപീകരിച്ച പ്രോജക്ടിലൂടെ ഗുണഭോക്താക്കളെ കടക്കെണിയിലേക്ക് തള്ളിവിടുന്ന രീതിയിലാവാതിരിക്കാൻ പഞ്ചായത്ത് നൽകിയ സബ്സിഡിക്ക് കൂടി ബാങ്ക് പലിശയീടാക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും

ബാങ്കുമായി ഉചിതമായ ഉടമ്പടികൾ രേഖപ്പെടുത്തിയ കരാർ ചമക്കേണ്ടതുമാണ്.

2) മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള യോഗ്യതയില്ലാത്ത ഗുണഭോക്താവിന് സബസിഡി അനുവദിച്ചു.

സ.ഉ (എം.എസ്) 80/2017 തസ്വഭവ തിയ്യതി 3/4/2017 പ്രകാരമുള്ള പദ്ധതി മാർഗരേഖ പൊതു നിബന്ധനകളിലെ ഖണ്ഡിക 2(15) പ്രകാരം സർക്കാർ/അർദ്ധ സർക്കാർ/എയ്ഡഡ്/സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ ഉൾപ്പെടുന്ന കുടുംബം ജനറൽ വിഭാഗം 100000/ പട്ടികജാതി വിഭാഗം 200000 രൂപയിൽ കുറവ് വരുമാനം ഉള്ളവരായി കണക്കാക്കാവുന്നതല്ല. സബ്സിഡി ലഭ്യമായ മാധവി ചെനപ്പാറക്കുന്ന് എന്ന ഗുണഭോക്താവ് ഉൾപ്പെട്ടിട്ടുള്ള റേഷൻ കാർഡി ൽ ഏക മകൻ ഷാജി സർക്കാർ ജീവനക്കാരനാണ്. വില്ലേജ് ഓഫീസർ സമർപ്പിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിലും ഉയർന്ന വരുമാനമാണ് കാണിക്കുന്നത് . അർഹതയുള്ള മറ്റു ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാതെയാണ് അനർഹയായ ഈ ഗുണഭോക്താവിന് സബ്സിഡി നൽകിയിട്ടുള്ളത്.

3) ആവശ്യത്തിന് ഗുണഭോക്താക്കളെ ലഭ്യമല്ലാത്തതിനാൽ തുക ചെലവഴിക്കാൻ കഴിയാതെ പാഴായി.

ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടയ്ക്കാൻ തയ്യാറല്ലാത്തതിൻ പദ്ധതിക്കായി വകയിരുത്തിയ ജില്ലാ പഞ്ചായത്ത് വിഹിതം 50000 രൂപയും വികസന ഫണ്ട് 75000 രൂപയും ചെലവഴിക്കാൻ സാധിക്കാതെ പാഴായി പോയിട്ടുണ്ട്. അർഹതയുള്ള ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്തത് പദ്ധതി ആസൂത്രമത്തിലെ പോരായ്മയാണ്. പദ്ധതി നിർദേശങ്ങൾ ഗ്രാമ സഭകളിൽ അവതരിപ്പിച്ച് ഗുണഭോക്താക്കൾക്ക് കൃത്യമായ നിർദ്ദേശങ്ങൾ നൽകി അപേക്ഷ സ്വീകരിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലും ഗുണഭോക്താക്കൾക്കനുസൃതമായി അടങ്കൽ തയ്യാറാക്കുന്നതിലും ഗ്രാമപഞ്ചായത്തിന് വീഴ്ചയുണ്ടായിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി 06/207-18 തിയ്യതി 18-03-2019) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. ബന്ധപ്പെട്ട രേഖകൾ ലഭ്യമായിക്കിയും അനർഹയായ ഗുണഭോക്താവിൽ നിന്നും ആനുകൂല്യം ഈടാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-8** <u>ക്ഷീര ഗ്രാമം പദ്ധതി ആധികാരികതയില്ലാതെ പദ്ധതി തുക ചെലവഴിച്ചു.</u>

പ്രൊജക്ട് നമ്പർ - 100/2017-18 ( സ്പിൽ ഓവർ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ
അടങ്കൽ - 400000 (വികസന ഫണ്ട് ജനറൽ),

ചെലവ് - 400000
ബിൽ നമ്പർ - 03/17-18 തിയ്യതി -25/06/17

മേൽ പദ്ധതിയിൽ ആകെ 27 പശുക്കളെയാണ് വാങ്ങിയത്. 26 പശുക്കൾക്ക് 30000 രൂപ വീതവും ഒരു പശുവിന് 20000 രൂപയുമായിരുന്നു വില. 26 പശുക്കൾക്ക് 15000 രൂപ വീതം 390000 രൂപയും ഒരു പശുവിന് 10000 രൂപയും ആകെ 400000 രൂപ പിൻ വലിച്ച് സബ്സിഡി തുകയായി 25 വിൽപ്പനക്കാരുടെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ചുവടെ ചേർത്തിരിക്കുന്ന ആധികാരിക രേഖ ഇല്ലാതെയാണ്.

1) 27 ഗുണഭോക്താക്കളുടെയും വരുമാനം തെളിയിക്കുന്ന രേഖ, പശുവിനെ വളർത്താൻ സൗകര്യമുണ്ടെന്ന സാക്ഷ്യപത്രം, പശുവിനെ ഗുണഭോക്താവിന് കിട്ടി എന്നതിന്റെ രേഖ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഓരോ ഗുണഭോക്താവുമായി ഉണ്ടാക്കിയിട്ടുള്ള കരാർ അവരുടെ തിരിച്ചറിയൽ രേഖ എന്നിവയാണ് ഫയലിൽ ഉള്ളത്. കൂടാതെ ജില്ലാ തലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ രേഖയും ലഭ്യമാക്കിയിട്ടില്ല.

2)ഈ പദ്ധതിയിലേയ്ക്കായി മുൻ വർഷത്തിൽ പിരിച്ചെടുത്തിട്ടുള്ള ഗുണഭോക്തൃ വിഹിതമായ 15000/- രൂപ നിരക്കിൽ ആകെ 75000 (15000x5) ബിന്ദു, ഷിജ്ല, സറീന, മുഹമ്മദ്കുട്ടി, സുരേഷ് ബാബു, എന്നീ ഗുണഭോക്താക്കൾക്ക് പശുവിനെ നൽകിയിട്ടുള്ള വിൽപ്പനക്കാർക്ക് നൽകിയതിന് രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

3) ശ്രീ.സുരേഷ്.വി എന്ന വില്പനക്കാരന്റെ അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും ടിയാൻ ഏത് ഗുണഭോക്താവിനാണ് പശുവിനെ നൽകിയിട്ടുള്ളത് എന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി 7/207-18 തിയ്യതി 18-03-2019 നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല . 400000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 മൃഗാശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ പദ്ധതി-കുറഞ്ഞ

## വില ക്വോട്ടു ചെയ്ത സ്ഥാപനത്തിൽ നിന്ന് മരുന്ന് വാങ്ങിയില്ല.

പ്രൊജക്റ്റ് നമ്പർ - 69/2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ
അടങ്കൽ - 400000 (വികസന ഫണ്ട് ജനറൽ),

ചെലവ് – 400000
ബിൽ നമ്പർ - 02/17-18 തിയ്യതി -16/01/18

ഗ്രാമപഞ്ചായത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള മേൽ പദ്ധതിയിൽ മരുന്നു വാങ്ങുന്നതിനുള്ള ടെണ്ടറിൽ ഡൈനാ വെറ്റ്, മൈത്രി ഫാർമ, അസോസിയേറ്റ് മെഡിക്കൽസ്, ടൈഗർ ലാന്റ് ലൈഫ് സയൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ 4 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. ഇതിൽ ഡൈനാ വെറ്റ് എന്ന സ്ഥാപനത്തിൽ നിന്നാണ് മരുന്നു വാങ്ങിയിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ നിരക്കുകൾ കാണിച്ചുകൊണ്ടുള്ള കമ്പാരേറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല. വിവിധ സ്ഥാപനങ്ങൾ ക്വട്ടു ചെയ്തിട്ടുള്ള മരുന്നിന്റെ നിരക്കുകൾ പരിശോധിച്ചതിൽ ടൈഗർ ലാന്റ് ലൈഫ് സയൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ചിട്ടുള്ള ടെണ്ടറിൽ പല മരുന്നുകൾക്കും കുറഞ്ഞ വില ക്വാട്ടു ചെയ്തിട്ടുണ്ട്. പല മരുന്നുകൾക്കും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടൈഗർ ലാന്റ് ലൈഫ് സയൻസ് പ്രൈവറ്റ് ലിമിററഡ് എന്ന സ്ഥാപനത്തെ ഒഴിവാക്കി മുഴുവൻ മരുന്നുകളും ഡൈനാ വെറ്റ് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത് .ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| മരുന്ന് | ഡൈനാ വെറ്റ് ക്വോട്ടു ചെയ്ത വില | ടൈഗർ ലാന്റ് ലൈഫ് സയൻസ് പ്രൈവറ്റ് ലിമിറ്റഡ് ക്വോട്ടു ചെയ്ത വില. |
|---|---|---|
| Deltamethrin 125 mg/ml | 879.99 | 549.75 |
| Febendazole oral suspension 1L | 608 | 325 |
| Injuction Calcium Borogluconore 450m | 198.31 | 157 |

| | | |
|---|---|---|
| Anticeptic cream 50 gram | 47.99 | 41.45 |

ഇത്തരത്തിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽനിന്ന് മരുന്നുകൾ വാങ്ങാതെ മുഴുവൻ മരുന്നുകളും ഡൈനാവെറ്റ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയതിന്റെ കാരണം വ്യക്തമല്ല. മേൽ വാങ്ങലുകൾ പ്രോക്യൂർമെന്റ് കമ്മറ്റി/പഞ്ചായത്ത് കമ്മിറ്റി പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( ഓഡിറ്റ് എൻക്വയറി 8/207-18 തിയ്യതി 18-03-2019) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. 400000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ അപാകതയ്ക്ക് കൃത്യമായ വിശദീകരണം നൽകേണ്ടതാണ്.

## **3-10** മതിയായ രേഖകളില്ലാതെ ഡെപ്പോസിറ്റ് പ്രോജക്ടുകൾക്ക് തുക കൈമാറി

താഴെ പറയുന്ന പ്രവൃത്തികൾക്കായി കെ എസ് ഇ ബി ക്കും പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിനും തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഡെപ്പൊസിറ്റ് പ്രവൃത്തികൾ നടത്തുമ്പോൾ പ്രവൃത്തി നടത്തുന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കേണ്ട രേഖകൾ ഫയലിനോടൊപ്പമില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| | പ്രോജക്ട്, അടങ്കൽ | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | തുക | ബിൽ നം. തിയ്യതി |
|---|---|---|---|---|
| 1 | 117/18 പഞ്ചായത്ത് ഓഫീസിൽ യുപിഎസ് സ്ഥാപിക്കൽ 187000 വികസന ഫണ്ട് | പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം | 180000 | 29/17-18 12.1.18 |
| 2 | 119/18 അരമ്പക്കുന്ന് കുടിവെള്ള പദ്ധതി മോട്ടോർ മാറ്റൽ 147000 ഫിനാൻസ് | | 147000 89250 | 36/17-18 27.2.18 ചലാൻ മുഖേന |

| | | | | |
|---|---|---|---|---|
| | കമ്മീഷൻ ഗ്രാന്റ്<br>89250 ഗുണഭോക്തൃ വിഹിതം | | | അടവാക്കി |
| 3 | 120/18 കൊലച്ചിപ്പാറ കുടിവെള്ള പദ്ധതി മോട്ടോർ മാറ്റൽ<br>143500 ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>87125 ഗുണഭോക്തൃ വിഹിതം | | 143500<br>87125 | 37/17-18<br>27.2.18<br>ചലാൻ മുഖേന അടവാക്കി |
| 4 | 122/18 ചങ്ങരംകുന്ന് കുടിവെള്ള പദ്ധതി മോട്ടോർ മാറ്റൽ<br>140000 ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>85000 ഗുണഭോക്തൃ വിഹിതം | | 140000<br>85000 | 38/17-18<br>27.2.18<br>ചലാൻ മുഖേന അടവാക്കി |
| 5 | 122/18 വള്ളിക്കുന്ന്കുടിവെള്ളപദ്ധതി പാനൽ മാറ്റൽ<br>42700 ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>29925 ഗുണഭോക്തൃ വിഹിതം | | 42700<br>29925 | 40/17-18<br>8.3.18<br>ചലാൻ മുഖേന അടവാക്കി |
| 6 | 149/18 തെരുവു വിളക്ക് ലൈൻ നീട്ടൽ<br>413500 ഫിനാൻസ് | കെ എസ് ഇ ബി | 387130<br>22590 | 42/17-18<br>19.3.18<br>43/17-18 |

| | | | | |
|---|---|---|---|---|
| | കമ്മീഷൻ ഗ്രാന്റ് | | | 26.3.18 |
| | ആകെ ചെലവ് | | 1354220 | |

അപാകതകൾ താഴെ പറയുന്നു

1. ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി എഗ്രിമെന്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും പല കരാറിലും സ്ഥാപനത്തിന്റെ പ്രതിനിധി ഒപ്പ് വെച്ചിട്ടില്ല.
2. ക്രമ നം. 6 പ്രകാരമുള്ള പ്രവൃത്തിയിൽ കെ എസ് ഇ ബി യുടെ മൂന്ന് സെക്ഷൻ ഓഫീസുകളിലേക്കാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. (പെരുമണ്ണ 344450, കോവൂർ 22325, മാവൂർ 20355) മൂന്ന് സെക്ഷനിലും തെരുവു വിളക്ക് സ്ഥാപിക്കാനുള്ള ലൈൻ സ്ഥാപിക്കാനാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. എന്നാൽ പെരുമണ്ണ, മാവൂർ സെക്ഷനുകൾ മാത്രമാണ് എസ്റ്റിമേറ്റ് (സാങ്കേതികാനുമതി ലഭിക്കാത്ത) ലഭ്യമാക്കിയത്. ആയതിൽ തന്നെ ഒരേ ഇനം പ്രവൃത്തിക്ക് വിവിധ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കി കാണുന്നത്. ഗ്രാമ പഞ്ചായത്തിലെ ക്ഷമതയുള്ള സാങ്കേതിക വിഭാഗം മേൽ എസ്റ്റിമേറ്റുകൾ പരിശോധിച്ചിട്ടില്ല. എഗ്രിമെന്റ് വയ്ക്കാതെയും സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് ഹാജരാക്കാതെയും വൻ തുകകകൾ ഡെപ്പോസിറ്റ് ചെയ്യുന്നത് ക്രമപ്രകാരമല്ല.
3. മേൽ പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരിച്ചതിന് വർക്ക് ബിൽ സഹിതമുള്ള വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. പൂർത്തിയാക്കിയ പ്രവൃത്തിയിലാകട്ടെ ഒരു വരിയിലുള്ള യൂട്ടിലൈസേഷൻ പത്രിക മാത്രമാണ് ഹാജരാക്കിയത്. ഫൈനൽ ബിൽ പകർപ്പും പെർഫോർമൻസ് റിപ്പോർട്ടും തയ്യാറാക്കിയ കരാർ പത്രിക പ്രകാരം ആവശ്യപ്പെടുന്നുണ്ടെങ്കിലും രണ്ടാം കക്ഷിയായ ഡെപ്പോസിറ്റ് സ്വീകരിച്ച സ്ഥാപനത്തിന്റെ പ്രതിനിധി ഒപ്പു വയ്ക്കാത്തതിനാൽ സാധുതയില്ല.
4. മോട്ടോർ മാറ്റിവയ്ക്കൽ പ്രോജക്ടുകൾ പ്രകാരം മൂന്ന് മോട്ടോറുകൾ മാറ്റി വച്ചിട്ടുണ്ടെങ്കിലും പഴയ മോട്ടോർ കയ്യൊഴിയുന്നതിന് നടപടികൾ സ്വീകരിച്ചില്ല. പഞ്ചായത്ത് ഓഫിസിന്റെ ഒന്നാം നിലയുടെ ഒരു ഭാഗത്ത് അഞ്ചോളം മോട്ടോറുകൾ കൂട്ടിയിട്ടതായി കണ്ടു.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 1354220 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 3-11 മതിയായ രേഖകളില്ലാതെ സംയുക്ത പ്രോജക്ടുകൾക്ക് തുക കൈമാറി

പ്രോജക്ട് - മാമ്പുഴ ജല നിർഗ്ഗമനം പുനസ്ഥാപിക്കൽ

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ – 117950 വികസന ഫണ്ട് (ജനറൽ)

ചെലവ് - 896900/- ബിൽ 21/17-18 16.11.17

282610/- 39/17-18 8.3.18

കോഴിക്കോട് ജില്ലയിലെ ചാലിയാറിന്റെ കൈവഴിയായ മാമ്പുഴ മാലിന്യം നിറഞ്ഞ് ഒഴുക്ക് ശോഷിക്കുന്നത് തടയാനായി ജില്ലാപഞ്ചായത്ത് രൂപീകരിച്ച പ്രോജക്ടാണ് മാമ്പുഴ ജലനിർഗ്ഗമനം പുന സ്ഥാപിക്കൽ. ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 14.11.17 ലെ പി7 2030/17 നമ്പർ കത്ത് പ്രകാരം മാമ്പുഴ ഒഴുകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടിനായി തുക വകയിരുത്തേണ്ടത് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് | 25,00,000 |
| ഒളവണ്ണ ഗ്രാമപഞ്ചായത്ത് | 25,00,000 |
| പെരുവയൽ ഗ്രാമപഞ്ചായത്ത് | 25,00,000 |
| പെരുമണ്ണ ഗ്രാമപഞ്ചായത്ത് | 8,97,000 |

മേൽ കത്തു പ്രകാരം 8,97,000 രൂപ നൽകേണ്ട പെരുമണ്ണ ഗ്രാമപഞ്ചായത്ത് ജില്ലാപഞ്ചായത്തിന് കൈമാറിയത് 11,79,510 രൂപയാണ്. അധിക തുക നൽകിയതിന് ഫയലിൽ വിശദീകരണം ലഭ്യമല്ല.

പ്രോജക്ട് പരിശോധനയിൽ താഴെ പറയുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല എന്നു കണ്ടു

1. പദ്ധതി നടപ്പിലാക്കുന്ന ജില്ലാപഞ്ചായത്തിന്റെ പ്രധാന പ്രോജക്ട് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല
2. മാമ്പുഴ നവീകരണം മരാമത്ത് പ്രവൃത്തിയാണെന്നിരിക്കെ ആയതിന്റെ

സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് ജില്ലാപഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല

3. ഗ്രാമപഞ്ചായത്തുമായി കരാർ വച്ചിട്ടില്ല.
4. 2017 നവംബർ മാസത്തിൽ തന്നെ തുക കൈമാറിയെങ്കിലും ഏതാണ്ട് ഒന്നര വർഷമായിട്ടും പ്രവൃത്തി പുരോഗതി വിവരം ലഭ്യമാക്കിയിട്ടില്ല

അപാകതകളുടെ അടിസ്ഥാനത്തിൽ 117950 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയും അധികം അടവാക്കിയ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ തിരികെ ലഭ്യമാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 3-12 മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള യോഗ്യതയില്ലാത്ത ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചു.

ഗ്രാമപഞ്ചായത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ അനർഹരായ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചതായിക്കാണുന്നു. സ.ഉ (എം.എസ്) 80/2017 തസ്വഭവ തിയ്യതി 3/4/2017 പ്രകാരമുള്ള പദ്ധതി മാർഗരേഖ പൊതു നിബന്ധനകളിലെ ഖണ്ഡിക 2(15) പ്രകാരം സർക്കാർ/അർദ്ധ സർക്കാർ/എയ്ഡഡ്/സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ ഉൾപ്പെടുന്ന കുടുംബം ജനറൽ വിഭാഗം 100000 /പട്ടികജാതി വിഭാഗം 200000 രൂപയിൽ കുറവ് വരുമാനം ഉള്ളവരായി കണക്കാക്കാവുന്നതല്ല. ആയതിനാൽ അത്തരത്തിലുള്ള ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കാൻ പാടില്ല. കൂടാതെ ഗ്രാമ സഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗുണഭോക്താവിനും അനുകൂല്യം നൽകിയതായി കാണുന്നു. അനർഹമായി അനുവദിച്ച സബ്സിഡിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | ചെലവ് | ഗുണഭോക്താവ്, അനുവദിച്ച തുക | റിമാർക്ക്സ് |
|---|---|---|---|
| എസ്.ഒ 80/18 മുട്ടക്കോഴി വളർത്തൽ വനിത (എസ്,സി) | 25500/- ബിൽ നമ്പർ–9/18 24-03-18 | കല്ല്യാണി മുണ്ടയിൽ 7500/- | സർക്കാർ ജീവനക്കാർ ഉൾപ്പെടുന്ന കുടുംബം (റേഷൻ കാർഡ് നം-2159054575) |

| | | | |
|---|---|---|---|
| എസ്.ഒ 80/18 മുട്ടക്കോഴി വളർത്തൽ വനിത (എസ്,സി) | 25500/- ബിൽ നമ്പർ-9/18 24-03-18 | ദാക്ഷായണി മുണ്ടയിൽ 7500/- | സർക്കാർ ജീവനക്കാർ ഉൾപ്പെടുന്ന കുടുംബം (റേഷൻ കാർഡ് നം-2159054306) |
| എസ്.ഒ 88/18 കറവ പശു വിതരണം | 750000/- (ബിൽ നമ്പർ-3/18 31-01-18-500000 ബിൽ നമ്പർ-7/18 15-03-18-200000 ബിൽ നമ്പർ-8/18 22-03-18-50000) | ശോഭന കെ.എം 25000/- | സർക്കാർ ജീവനക്കാർ ഉൾപ്പെടുന്ന കുടുംബം (റേഷൻ കാർഡ് നം-2159055659) |
| എസ്.ഒ 88/18 കറവ പശു വിതരണം | 750000/- (ബിൽ നമ്പർ-3/18 31-01-18-500000 ബിൽ നമ്പർ-7/18 15-03-18-200000 ബിൽ നമ്പർ-8/18 22-03-18-50000) | ഹസീന. കെ.പി, പുത്തൂർ മഠം 25000/- | ഗ്രാമ സഭാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗുണഭോക്താവ്. |

അർഹതയുള്ള മറ്റു ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാതെയാണ് അനർഹരായ ഈ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ (9 /207-18 തിയ്യതി 18-03-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. അനർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച 65000 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-13 ഭിന്ന ശേഷിക്കാരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് -ആവശ്യമായ തുക വകയിരുത്തുന്നില്ല.

പ്രൊജക്ട് നമ്പർ - 105/2017-18

നിർവ്വഹണ ഉദ്യഗസ്ഥൻ - ഐ.സി.ഡി.എസ്.സൂപ്പർ വൈസർ

അടങ്കൽ - 1200000

ചെലവ് - 1050000

ബിൽ നമ്പർ - വികസന ഫണ്ട് -600000 (7/17-18 തിയ്യതി 21/01/18 ബ്ലോക്ക് പഞ്ചായത്ത്- 300000(6961044/ തിയ്യതി 15/03/18) ജില്ലാപഞ്ചായത്ത് 150000(6961045/തിയ്യതി15/03/18)

മേൽ പ്രോജക്ട് നടപ്പിലാക്കിയതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു

3-4-17 ലെ സർക്കാർ ഉത്തരവ് (എം. എസ്) നമ്പർ 80/17 തസ്വഭവ, ഖണ്ഡിക 10.3 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത, വസ്ത്രം, ഉല്ലാസയാത്ര ഇനങ്ങളിലായി മൊത്തം 28500 രൂപ പ്രതിവർഷം അനുവദിക്കാവുന്നതാണ്. എന്നാൽ പെരുമണ്ണ പഞ്ചായത്തിൽ 17-18 വർഷം 68 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. അർഹമായ തുകയുടെ പകുതി പോലും അനുവദിക്കാതെയാണ് മേൽ ഉത്തരവ് പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന എല്ലാ അർഹതപ്പെട്ട കുട്ടികൾക്കും സ്കോളർഷിപ്പും, യാത്രാബത്തയും പ്രതിമാസം നൽകുന്നതിനാവശ്യമായ തുക വകയിരുത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടതെ ഈ പദ്ധതിയിൽ വകയിരുത്തിയ തുക തന്നെ മുഴുവൻ ചെലവാക്കിയിട്ടുമില്ല. ജില്ലാ പഞ്ചായത്ത് വിഹിതം 300000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 150000 രൂപ മാത്രമാണ് പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളത്. (വാർഷിക കണക്ക് പ്രകാരം ജില്ലാപഞ്ചായത്തിൽ നിന്ന് ഈ പദ്ധതിയ്ക്കായി 250000 രൂപയാണ്

ലഭ്യമായിട്ടുള്ളത്.) മേൽ പദ്ധതിയ്ക്കായി ലഭിച്ച തുകയിൽ ഒരു ലക്ഷത്തോളം രൂപ ചെലവഴിക്കാതെ സാമ്പത്തിക വർഷാവസാനം അക്കൗണ്ടിൽ ശേഷിക്കുന്നുണ്ട്. ജില്ലാ പഞ്ചായത്ത് വകയിരുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ ജില്ലാ പഞ്ചായത്തിന്റെ പ്രൊജക്ടിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പ്രോജക്ടിന്റെ ജില്ലാ പഞ്ചായത്ത് വിഹിതമായി 300000 രൂപ വകയിരുത്തുകയും ജില്ലാ പഞ്ചായത്ത് 250000 ലക്ഷം രൂപ മാത്രം പദ്ധതിക്ക് അനുവദിക്കാനിടയായതും സംയുക്ത പദ്ധതി നിർവ്വഹണ മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 10/207-18 തിയ്യതി 18-03-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിൽ മേൽ അപാകതകൾ ഉണ്ടായതിന് മറുപടി നൽകേണ്ടതും പദ്ധതി ആസൂത്രണ നിർവ്വഹണ വിലയിരുത്തൽ പ്രവർത്തനങ്ങൾ തുടർവർഷങ്ങളിൽ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

## 3-14 എസ്.സി. വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നമ്പർ - 115/2017-18,

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ
അടങ്കർ - 600000 (വികസന ഫണ്ട് എസ്.സി.പി)
ചെലവ് - 470000 ബിൽ നമ്പർ - 10/17-18 തിയ്യതി 17/03/18

ഗ്രാമപഞ്ചായത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 30 ഗുണഭോക്താക്കൾക്ക് 15000 രൂപ വീതവും 1 ഗുണഭോക്താവിന് 20000 രൂപയും നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) ഗ്രാമ സഭാലിസ്റ്റിൽ ഉള്ള അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയില്ല.

ഗ്രാമപഞ്ചായത്ത് 18-09-2017 ൽ എ-2510/16 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് ഭരണ സമിതി 31-08-2017 ൽ 118/17 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് നൽകിയിട്ടുണ്ട്. ഇതിൽ 88 ഗുണഭോക്താക്കൾ ഉണ്ട്. എന്നാൽ ഇതിൽ നിന്ന് 20 ഗുണഭോക്താക്കൾക്ക് മാത്രമാണ് സ്കോളർഷിപ്പ് നൽകിയതായി കാണുന്നു. 100 മാർക്ക് വരെ ലഭിച്ച പല ഗുണഭോക്താക്കൾക്കും സ്കോളർഷിപ്പ്

നൽകാതെയും മാർക്ക് മുൻഗണനാക്രമം പാലിയ്ക്കാതെയുമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. മുൻഗണനാക്രമം ലംഘിച്ചതിന് മതിയായ കാരണം രേഖപ്പെടുത്തുകയോ ഗുണഭോക്താക്കളിൽ നിന്നും സമ്മതപത്രം വാങ്ങുകയോ ചെയ്തിട്ടില്ല.

2) ഗ്രാമ സഭാ ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത അതുല്യാ കൃഷ്ണദാസ്, (20000 രൂപ), അഘിൽ.പി (15000 രൂപ), റിജിഷ.എം (15000 രൂപ), ആശ്രയ കെ.എം (15000 രൂപ) എന്നീ ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ ഭരണ സമിതി 03-11-2017 ൽ 136/(11)/17 നമ്പർ തീരുമാന പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ പോയ 13 വിദ്യാർഥികളുടെ പട്ടിക അംഗീകരിയ്ക്കാനും അടുത്ത ഗ്രാമസഭായോഗത്തിൽ സാധൂകരണം വാങ്ങുന്നതിനും തീരുമാനിച്ചു. ഈ പട്ടികയിൽനിന്ന് ഷിജി.പിഎം. അശ്വന്ത്.കെ.ടി., വിനീത.കെടി, വൈഷ്ണ.പി.പി, രോഹിത.പി, കീർത്തന, അരുൺ.ടി എന്നീ വിദ്യാർഥികൾക്ക് 15000 രൂപ വീതം സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള യോഗ്യത നേടാത്ത വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകി

സ.ഉ (എം.എസ്) 80/2017 തസ്വഭവ തിയ്യതി 3/4/2017 പ്രകാരമുള്ള പദ്ധതി മാർഗരേഖ ഖണ്ഡിക 11.8(2) പ്രകാരം സംസ്ഥാന സർക്കാരോ, സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും, കേന്ദ്ര സംസ്ഥാനതല പ്രവേശന പരീക്ഷയിൽ യോഗ്യത നേടി പഠനം നടത്തി വരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള അക്കാഡമിക്ക് വർഷത്തിൽ സ്കോളർഷിപ്പ് നൽകേണ്ടതാണ്. ഏഞ്ചിനീയറിംഗ് കോഴ്സിന് 20000 രൂപയും മറ്റെല്ലാ കോഴ്സുകൾക്കും 15000 രൂപയും സ്കോളർഷിപ്പ് നൽകാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 31 വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ എൻജിനീയറിംഗ് വിദ്യാർഥിയായ അതുല്യാ കൃഷ്ണദാസ് എന്ന വിദ്യാർഥിനിയ്ക്ക് മാത്രമാണ് മേൽ ഉത്തരവിലെ നിർദ്ദേശ പ്രകാരം സ്കോളർഷിപ്പിന് അർഹതയുള്ളൂ.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ്

എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി 04/207-18 തിയ്യതി 18-03-2019) നിർവ്വഹണഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ സഭാ ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ച 65000 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-15 അങ്കണവാടി അനുപൂരക പോഷകാഹാര വിതരണ പദ്ധതി കേന്ദ്ര ഫണ്ട് വിനിയോഗിച്ചില്ല

സംയോജിത ശിശു വികസന സേവന പദ്ധതിയിൻ കീഴിൽ അങ്കണവാടികൾ വഴി ഐ.സി.ഡി.എസ്.സൂപ്പർ വൈസർ നിർവ്വഹണ ഉദ്യഗസ്ഥനായി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ അങ്കണവാടി പോഷകാഹാര വിതരണം പദ്ധതിയിൽ (പ്രൊജക്ട് നമ്പർ-101/201/17-18) കേന്ദ്രാവിഷ്കൃത ഫണ്ട് വിനിയോഗിക്കുന്നതിൽ പഞ്ചായത്ത് വീഴ്ചകൾ വരുത്തിയിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ലഭിച്ച കേന്ദ്ര ഫണ്ട് ചെലവഴിക്കുന്നില്ല.

അങ്കണവാടി പോഷകാഹാര വിതരണം പദ്ധതിയിൽ 2500000 രൂപ വികസന ഫണ്ടും 1000000 രൂപ കേന്ദ്രാവിഷ്കൃത ഫണ്ടും വകയിരുത്തിയിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ വികസന ഫണ്ട് മാത്രമാണ് പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചിട്ടുള്ളത്. പഞ്ചായത്തിലെ വാർഷികകണക്കിലെ ബി4 സ്റ്റേറ്റ്മെന്റ് പ്രകാരം സാമ്പത്തിക വർഷാവസാനത്തിൽ പോഷകാഹാര വിതരണത്തിനായി ലഭിച്ച കേന്ദ്രവിഹിതം 11,18,506 രൂപ ചെലവഴിയ്ക്കാതെ നീക്കിയിരിപ്പുണ്ട്. ഈ തുക ചെലവഴിയ്ക്കാതെ കേരള ഗ്രാമീണ ബാങ്കിലെ 8124 നമ്പർ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

2) അനുവദിച്ച തുക ലഭ്യമായില്ല.

പഞ്ചായത്തിലെ തൻവർഷം പോഷകാഹാര വിതരണത്തിനായി ലഭിച്ച കേന്ദ്ര വിഹിതം പഞ്ചായത്തിലെ വാർഷിക കണക്ക് പ്രകാരം 2,36,316 രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തിയ്യതി | തുക |
|---|---|

| | |
|---|---|
| 01.05.2017 | 3,253 |
| 21.11.2017 | 2,24,925 |
| 31.03.2018 | 8,138 |
| ആകെ | 2,36,316 |

എന്നാൽ കുന്ദമംഗലം ശിശു വികസന പദ്ധതി ഓഫീസർ തൻവർഷം താഴെ കാണിച്ച പ്രകാരം 6,47,032 രൂപ പെരുമണ്ണ ഗ്രാമപഞ്ചായത്തിനായി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉത്തരവ് നമ്പർ, തിയ്യതി | തുക |
|---|---|
| എ1-170/18/28.03.2018 | 6,24,963 |
| എ1-165/18/28.03.2018 | 22,069 |
| ആകെ | 6,47,032 |

ശിശു വികസന പദ്ധതി ഓഫീസർ അനുവദിച്ച തുക മുഴുവൻ പഞ്ചായത്തിൽ ലഭിയ്ക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3)കേന്ദ്രം അംഗീകരിച്ച നിരക്കിൽ ഫണ്ട് ലഭിയ്ക്കുന്നില്ല.

സംയോജിത ശിശു വികസന സേവന പദ്ധതിയിൻ കീഴിൽ അങ്കണവാടികൾ വഴി വിതരണം ചെയ്യേണ്ട പോഷകാഹാരത്തിന്റെ നിരക്ക് കേന്ദ്ര ശ്രുശ്രു വികസന മന്ത്രാലയം 23-09-2017 പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | നിരക്ക്/1 ദിവസത്തേയ്ക്ക് 1 ഗുണഭേക്താവിന് |
|---|---|
| 6 മാസത്തിനും 72 മാസത്തിനും ഇടയിൽ ഉള്ള കുട്ടികൾ | 8 രൂപ |
| ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ | 9.50 രൂപ |

| | |
|---|---|
| പോഷകാഹാര കുറവുള്ള കുട്ടികൾ | 12 |
| 11 വയസിനും 14 വയസിനും ഇടയി ൽ ഉള്ള അഡോളസന്റ് ഗേൾസ് | 9.50 രൂപ |

പോഷകാഹാര പദ്ധതിയ്ക്കായി ചെലവഴിക്കുന്ന തുകയുടെ 50 % കേന്ദ്ര ധനസഹായം ലഭിക്കേണ്ടതാണെന്ന ഓഡിറ്റ് വർഷത്തിൽ അത്തരത്തിൽ ഒരു തുക ലഭിച്ചു കാണുന്നില്ല. പഞ്ചായത്തിലെ 24 അങ്കണവാടികളിലായി ഉള്ള കുട്ടികൾക്കും മറ്റും മേൽ നിരക്കിൽ കേന്ദ്രഫണ്ട് ലഭിയ്ക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിലെ കുട്ടികൾക്ക് പോഷകാഹാര വിതരണത്തിനായി 3500000 രൂപയുടെ ആവശ്യകത നിർണയിച്ചതിന്റെ രേഖയും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും രേഖകൾ ഹാജരാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി 3 /207-18 തിയ്യതി 18-03-2019) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. തൃപ്തികരമായ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്

## 3-16 ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമപഞ്ചായത്തിലെ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ ശമ്പള കുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ജീവനക്കാരുടെ വർദ്ധിപ്പിച്ച ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽ കാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 55250 | നെൽകൃഷിക്ക് കൂലിച്ചെലവ് | 31450 | 23800 പദ്ധതി പൂർത്തിയായി |
| | | 400000 | ആകാശഗംഗ കിണർ റീചാർജ്ജ് | - | 400000 ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചു |
| | | 300000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | |
| | | 300000 | അത്തുളിത്താഴം അംഗനവാടിക്ക് സ്ഥലമെടുപ്പ് | | 300000 |
| | | 1000000 | ബഡ്സ് സ്കൂൾ കെട്ടിട | 861096 | 138904 |

| | | | | | |
|---|---|---|---|---|---|
| | | | നിർമ്മാണം | | |
| | | 307000 | പാലിന് സബ്സിഡി | 307000 | |
| | | 100000 | എസ് സി വിദ്യാർത്ഥി കൾക്ക് സൈക്കിൾ | 100000 | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 55250 | നെൽകൃഷിക്ക് കൂലിച്ചെലവ് | 31450 | 23800 പദ്ധതി പൂർത്തിയായി |
| | | 400000 | ആകാശഗംഗ കിണർ റീചാർജ്ജ് | - | 400000 ഗുണഭോ ക്താക്കൾ ഇല്ലാത്ത തിനാൽ പദ്ധതി ഉപേക്ഷിച്ചു |
| | | 150000 | ഭിന്നശേഷി ക്കാരായ വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | 150000 | |
| | | 1000000 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം | 1000000 | |

| | | | | | |
|---|---|---|---|---|---|
| | | 150000 | പാലിന് സബ്സിഡി | 150000 | |
| | | 50000 | പാലിന് സബ്സിഡി വനിത | 50000 | |
| | | 180000 | ക്ഷീരഗ്രാമം | 130000 | 50000 ഗുണഭോക്താക്കൾ തുക അടവാക്കാത്തതിനാൽ പൂർത്തിയായില്ല |

പ്രവൃത്തികളുടെ പൂർത്തീകരണ/മൂല്യനിർണയ വിവരം, അവശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അടവാക്കിയും വിവരം അറിയിക്കേണ്ടതാണ്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പിഡബ്ല്യുഡി ഇലക്ട്രിക്കൽ | പഞ്ചായത്ത് ഓഫീസിലേക്ക് | 29/17-18 12.1.18 | 180000 | - | 180000 |

| | | | | | |
|---|---|---|---|---|---|
| വിഭാഗം | പുതിയ യുപിഎസ് സ്ഥാപിക്കൽ | | | | |
| | അരമ്പക്കുന്ന് കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റൽ | 147000 36/17-18 27.2.18 89250 ചലാൻ മുഖേന അടവാക്കി | 236250 | - | 236250 |
| | കൊലച്ചിപ്പാറ കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റൽ | 143500 37/17-18 27.2.18 87125 ചലാൻ മുഖേന അടവാക്കി | 230625 | - | 230625 |
| | വള്ളിക്കുന്ന് കുടിവെള്ള പദ്ധതിയുടെ പാനൽ ബോർഡ് മാറ്റൽ | 42700 40/17-18 8.3.18 29925 ചലാൻ മുഖേന അടവാക്കി | 72625 | - | 72625 |
| | ചങ്ങരംകുന്ന് കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റൽ | 140000 38/17-18 27.2.18 85000 ചലാൻ മുഖേന അടവാക്കി | 225000 | - | 225000 |
| കെ എസ് ഇ ബി | ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ | 387130 42/17-18 19.3.18 | 409720 | - | 409720 |

| | | | | | |
|---|---|---|---|---|---|
| | | 22590 43/17-18 26.3.18 | | | |

പ്രവൃത്തികളുടെ പൂർത്തീകരണ/മൂല്യനിർണയ വിവരവും മൂല്യനിർണയ തുകയേക്കാൾ അധികരിച്ച് അടവാക്കിയ തുക ഈടാക്കിയും വിവരം അറിയിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തൻവർഷം വരവില്ല

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | സ.ഉ.(സ)479/2010 തീയതി.11.02.2010 | - | 696375 | 696375 | | 0 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 400 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-4(5) | 400 | നവകേരളം ഫുട്‌വെയർ പ്രൈവറ്റ് ലിമിറ്റഡ് | 6069/15-11-2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2003-04 | 3-3 | 2006-07 | 3.79.6.4 | മണൽ വില്പന |
| 2003-04 | 3-4 | 2006-07 | 3.79.10.3 | കുടിവെള്ള പദ്ധതികൾ |
| 2003-04 | 2-1 | 2006-07 | 3.79.1 | തനത് വരവ് കാലഹരണം |
| 2003-04 | 3-6 | 2006-07 | 3.79.19 | പൊതുമരാമത്ത് പണികൾ |
| 2014-15 | 2-3 | 2016-17 | അനുബന്ധം | തൊഴിൽ നികുതി |

| | | | | |
|---|---|---|---|---|
| | | | 4 | |
| 2015-16 | 2-6 | 2016-17 | അനുബന്ധം 5 | |
| | | 2014-15 | 4.2.8 | റിവർ മാനേജ്മെന്റ് ഫണ്ട് |
| | | 2014-15 | 4.2.5 | മണൽ വിൽപ്പന |
| | | 2005-06 | 2.70.1.5.3 | നിക്ഷേപ വേലകൾ |
| | | 2005-06 | 2.70.1.8.4 | കുടിവെള്ള പദ്ധതി |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 66619455 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 68487979 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 130000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3126535 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | | | |
|---|---|---|---|
| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
| 3-12 | | 65000 | ഡോ.അനഘ, വെറ്ററിനറി സർജ്ജൻ |
| 3-14 | | 65000 | ശ്രീമതി.ശോഭന.കെ, ഹെഡ് മിസ്ട്രസ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 39568 | ശ്രീ.സാദിഖ് മഹദൂം.പി.എസ്, സെക്രട്ടറി |
| 3-5 | 489797 | ശ്രീ.സാദിഖ് മഹദൂം.പി.എസ്, സെക്രട്ടറി |
| 3-7 | 325000 | ശ്രീമതി.റുമൈസ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-8 | 400000 | ഡോ.അനഘ, വെറ്ററിനറി സർജ്ജൻ |
| 3-9 | 400000 | ഡോ.അനഘ, വെറ്ററിനറി സർജ്ജൻ |
| 3-10 | 1354220 | ശ്രീ.സാദിഖ് മഹദൂം.പി.എസ്, സെക്രട്ടറി |
| 3-11 | 117950 | – ടി - |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.അനഘ, വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ പെരുമണ്ണ ഗ്രാമപഞ്ചായത്ത് | തച്ചംവള്ളി എൻ.ഐ.ടി(പി.ഒ) ചാത്തമംഗലം |
| ശ്രീ.സാദിഖ് മഹദൂം.പി.എസ്, സെക്രട്ടറി | സെക്രട്ടറി, പെരുമണ്ണ ഗ്രാമപഞ്ചായത്ത് | കുറ്റിപ്പുറത്ത് കണ്ടി മുണ്ടിക്കൽ താഴം കോട്ടാംപറമ്പ് |
| ശ്രീമതി.റുമൈസ, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ പെരുമണ്ണ ഗ്രാമപഞ്ചായത്ത് | പാക്കോയ മാത്തോട്ടം അരക്കിണർ.പി.ഒ |
| ശ്രീമതി.ശോഭന.കെ, ഹെഡ് മിസ്ട്രസ് | ഹെഡ് മിസ്ട്രസ് ഗവ. എൽ പി സ്കൂൾ | യദുകുലം കാരാട്.പി.ഒ മലപ്പുറം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | കെ.എസ്.എ. കെ കെ ഡി/പി15/ 840/18 15.5.18 | 2 | 3-3,3-8 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/പി15/ | 4 | |

| | | | |
|---|---|---|---|
| | 840/18 15.5.18 | | 2-1,3-3,<br>3-6,3-4 |
| 2005-06 | കെ.എസ്.എ.കെ.കെ ഡി/പി15/<br>840/18 15.5.18 | 1 | 3-5 |
| 2006-07 | കെ.എസ്.എ.കെ.കെ ഡി/പി15/<br>840/18 15.5.18 | 1 | 3-14 |
| 2007-08 | കെ.എസ്.എ.കെ.കെ ഡി/പി15/<br>840/18 15.5.18 | 1 | 2-8 |
| 2008-09 | കെ.എസ്.എ.കെ.കെ ഡി/പി15/<br>840/18 15.5.18 | 5 | 2-6, 2-4, 3-3,<br>3-7, 3-8 |
| 2009-10 | കെ.എസ്.എ. കെ കെ ഡി/പി15<br>/840/18 15.5.18 | 12 | 3-1, 3-2(1),<br>(2), 3-4, 3-5,<br>3-6,<br>3-7, 3-9,<br>3-11, 3-12,<br>3-13,<br>3-15, 3-17 |
| 2010-11,<br>11-12 | കെ.എസ്.എ. കെ കെ ഡി/പി15/<br>546/18 11.5.18 | 2 | 2-4, 3-2 |
| 2012-13 | കെ.എസ്.എ.കെ.കെ .ഡി/പി15/<br>546/18(1) 11.5.18 | 5 | 3-6, 3-8,<br>4-1(1),<br>4-1(2), 3-1 |
| 2013-14,<br>2014-15 | കെ.എസ്.എ.കെ.കെ.ഡി/പി15/<br>546/18(2) 11.5.18 | 6 | 2-1,2-2(2),<br>2-4, |

| | | | |
|---|---|---|---|
| | | | 3-10, 3-12, 3-2(1) |
| 2015-16 | കെ.എസ്.എ. കെ കെ ഡി/പി15/ 546/18(3) 11.5.18 | 5 | 2-4, 2-6, 2-7, 2-8, 3-4 |
| 2016-17 | കെ.എസ്.എ.കെ.കെ .ഡി/പി3/ 1512/18 തീയതി.15.02.18 | 20 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-3, 3-4, 3-5, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-15, 3-17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.കെ.ഡി.പി15/396/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയ്യതി:30.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പെരുമണ്ണ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക

വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്